ബഹു ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റയുടെ 27/06/2026 തീയ്യതിയിലെ 31- നമ്പർ തീരുമാന പ്രകാരം മുൻകൂർ തുകയുടെ ചെലവ് അംഗീകരിച്ചിട്ടുള്ളതും ബാലൻസിനത്തിൽ വന്ന 10,836/-രൂപ RECEIPT NO: R-C080100-26001251 & 04-04-2026 പ്രകാരം PHI ദിനേശ് കെ ബി തനതു ഫണ്ടിലേക്ക് തിരികെ അടവാക്കിയിട്ടുള്ളതാണ്.

30. **വിഷയം (ഫയൽ നമ്പർ - 6406594-2026)**

2026 ഓണാഘോഷത്തോടനുബന്ധിച്ച് തൃശ്ശൂർ സ്വരാജ് റൗണ്ടിൽ സംഘടിപ്പിക്കുന്ന പുലിക്കളി സംഘാടനം — താത്കാലിക സജ്ജീകരണങ്ങളുടെ ക്വട്ടേഷൻ/ടെൻഡർ ക്ഷണിക്കുന്നതിനും , ടെൻഡറുകൾ അംഗീകരിക്കുന്നതിനും ബഹു. മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്നത്, പ്രസ്തുത പ്രവർത്തിയുടെ ബിൽ തുക അനുവദിക്കുന്നത് എന്നിവ - സംബന്ധിച്ച്

**വിവരണം**

2026-ലെ ഓണാഘോഷത്തോടനുബന്ധിച്ച് തൃശ്ശൂർ സ്വരാജ് റൗണ്ടിൽ സംഘടിപ്പിക്കുന്ന പുലിക്കളിയുമായി ബന്ധപ്പെട്ട് പവിലിയൻ, മീഡിയ സ്റ്റാൻഡ്, ജഡ്ജസ് സ്റ്റേജ്, ബാരിക്കേഡിംഗ്, ലൈറ്റിംഗ്, അനുബന്ധ സൗകര്യങ്ങൾ തുടങ്ങിയ താത്കാലിക സജ്ജീകരണങ്ങൾ ഒരുക്കുന്നതിനായി Assumed Rate, Quotation/Tender Schedule എന്നിവ തയ്യാറാക്കി സമർപ്പിക്കുകയുണ്ടായി.പുലിക്കളിക്കായി സമയബന്ധിതമായി അടിയന്തിര പ്രവൃത്തികൾ പൂർത്തിയാക്കേണ്ട സാഹചര്യം ഉള്ളതിനാൽ, ടി പ്രവൃത്തിയുടെ ക്വട്ടേഷൻ/ടെൻഡർ ക്ഷണിക്കുന്നതിനായി 2026 ഓഗസ്റ്റ് 01-ന് ബഹു. മേയറുടെ മുൻകൂർ അനുമതി നൽകിയിരുന്നു.ബഹു. മേയറുടെ മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ ക്ഷണിച്ച ടെൻഡറിൽ പങ്കെടുത്ത മൂന്ന് കരാറുകാരുടെ വിവരങ്ങൾ (GST ഒഴികെ) താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ പേരും വിലാസവും | രേഖപ്പെടുത്തിയ തുക (₹) | റാങ്ക് |
|---|---|---|---|
| 1 | ശ്രീ. മുഹമ്മദലി വി. എ.,വാരപ്പറമ്പിൽ വീട്, മുല്ലക്കര, മണ്ണുത്തി | 3,55,100/- | L1 |
| 2 | ശ്രീ. പോൾസൺ എം. ഒ.,മാളിയേക്കൽ വീട്, നെല്ലായി പി. ഒ., പറപ്പൂക്കര | 3,56,561/- | L2 |
| 3 | ശ്രീ. മനോജ് കെ. എൻ.,കല്ലിക്കടവിൽ വീട്, പൊങ്കോത്ര ഖാദി, പറപ്പൂക്കര | 4,15,330/- | L3 |

മേൽ ടെൻഡറിൽ ഏറ്റവും കുറവ് നിരക്ക് (L1) രേഖപ്പെടുത്തിയത് ശ്രീ. മുഹമ്മദലി വി. എ. (₹ 3,55,100/- ) ആകുന്നു. പുലിക്കളിക്കു മുന്നോടിയായി നടപ്പിലാക്കേണ്ട അടിയന്തിര പ്രവൃത്തിയായതിനാൽ ടെൻഡർ അംഗീകച്ച് ബഹു.മേയർ 2026ഓഗസ്റ്റ് 19-ന് മുൻകൂർ അനുമതി നൽകിയിരുന്നു.പ്രസ്തുത പ്രവർത്തിക്ക് കരാർ ഒപ്പുവച്ച് ശ്രീ.മുഹമ്മദലി വി. എ. (₹ 3,55,100/- +18% GST) പ്രവർത്തി പൂർത്തികരിച്ചിട്ടുണ്ട് .ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും പ്രവർത്തി വിജയകരമായി പൂർത്തിയാക്കിയ പ്രവർത്തിയുടെ തുക ശ്രീ.മുഹമ്മദലി വി. എ. എന്നവർക്ക് അനുവദിക്കുന്ന വിഷയവും ബഹു.കൌൺസിൽ മുൻപാകെ സമർപ്പിക്കുന്നു

31. **വിഷയം (ഫയൽ നമ്പർ - 3899758-2026)**

തൃശൂർ കോർപ്പറേഷൻ -നഗരാസൂത്രണ വിഭാഗം -. HEALTH SECTION -CIRCLE -6 - ലെ വിവിധ തരം വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി സ്വീകരിച്ച മുൻകൂർ തുക ക്രമീകരിക്കുന്നത്- സംബന്ധിച്ച്.

**വിവരണം**

തൃശൂർ കോർപ്പറേഷൻ -നഗരാസൂത്രണ വിഭാഗം -. **HEALTH SECTION - CIRCLE - 6** - ലെ വിവിധ തരം വാഹനങ്ങളുടെ (KL 08 BQ 2620(WATER LORRY -4000L), KL 08 BM 1366 (WATER LORRY -8000L),KL 08 BF 7051 (WATER LORRY -6000L),KL 08 BQ 2620(MINI TIPPER),KL 08 BQ 2638(MINI TIPPER),KL 08 BX 3130(JCB),KL 08 BM 1411(WATER LORRY -8000L),KL 08 CE 0951(TIPPER),KL 08 CC 5314(TRACTOR),KL 08 CE 0962(TIPPER),KL 08 BQ 4259 (TRACTOR)അറ്റകുറ്റപ്പണികൾക്കായി**13/05/2026** തീയതിയിലെ **3899758-2026** നമ്പർ ഉത്തരവ് പ്രകാരം സർക്കിൾ-6-ലെ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ Gr.II **ശ്രീ.അരുൺ വർഗീസ്**.എന്നവരെ ചുമതലപ്പെടുത്തിയിരുന്നു. വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി ബഹു.മേയറുടെ മുൻകൂർ അനുമതിയോടെ **50000/- (അമ്പതിനായിരം രൂപ)** മുൻകൂർ തുക അനുവദിച്ചിരുന്നു.

ടിയാൻ ഹാജരാക്കിയ വൌച്ചറുകൾ പ്രകാരം വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി .ആകെ ചെലവ് :**₹50,373/-,** അതിനാൽ അനുവദിച്ച അഡ്വാൻസ് തുകയായ **₹50,000/-** നെ അപേക്ഷിച്ച് **₹373/-** രൂപ അധികമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സ്വന്തം കൈവശം നിന്ന് ചെലവഴിച്ചിട്ടുള്ളതായി സമർപ്പിച്ച രേഖകളിൽ നിന്നും വ്യക്തമാണ്.രേഖകളുടെ പരിശോധനയിലും Public Health Inspector-ൽ നിന്നും ലഭിച്ച വിശദീകരണത്തിലും നിന്ന്, അഡ്വാൻസ് തുക പ്രധാനമായും നിയമാനുസൃത വാഹന നികുതി, പെർമിറ്റ് പുതുക്കൽ, മെക്കാനിക്കൽ അറ്റകുറ്റപ്പണികൾ, ഇലക്ട്രിക്കൽ സംവിധാനങ്ങളുടെ പരിപാലനം, Preventive Maintenance, ടയർ സംബന്ധമായ സുരക്ഷാ പ്രവൃത്തികൾ, BS-VI വാഹനങ്ങളുടെ Emission Control System പരിപാലനം, ആവശ്യമായ സ്പെയർ പാർട്സുകളും ഉപഭോഗ വസ്തുക്കളും വാങ്ങൽ എന്നിവയ്ക്കായാണ് ചെലവഴിച്ചതെന്ന് ബോധ്യപ്പെട്ടു. പരിശോധിച്ച രേഖകളുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ചെലവുകൾ ആരോഗ്യ വിഭാഗം വാഹനങ്ങളുടെ operational reliability, statutory compliance, preventive maintenance, service continuity എന്നിവ ഉറപ്പാക്കുന്നതിനാവശ്യമായ സാങ്കേതിക ആവശ്യങ്ങളുമായി ബന്ധപ്പെട്ടതാണെന്ന് വിലയിരുത്തുന്നു. ആയതിനാൽ, സമർപ്പിച്ച അഡ്വാൻസ് വിനിയോഗം സാങ്കേതിക പരിശോധനയുടെ അടിസ്ഥാനത്തിൽ തൃപ്തികരമാണെന്നും തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്നും എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.മേൽ സാഹചര്യത്തിൽ അധികമായി സ്വന്തം കൈവശത്ത് നിന്നും ചെലവഴിച്ചിട്ടുള്ള **₹373/-** രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥനു തിരികെ നൽക്കുന്നതിനും, ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും, ചെലവ് തുക അംഗീകരിക്കുന്നതിനും, അഡ്വാൻസ് ക്രമീകരിക്കുന്ന വിഷയം ബഹു.കൌൺസിൽ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

**കുറിപ്പ്:-**

1.)**ശ്രീ..അരുൺ വർഗീസ്** എന്നവർ സാക്ഷ്യപ്പെടുത്തിയ 50,373/- രൂപയുടെ ബില്ലുകൾ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി ശുപാർശ നടത്തിയിട്ടുള്ളതാണ്

32. **വിഷയം (ഫയൽ നമ്പർ - 6569688-2025)**

WS1-6569688-2025 -തൃശ്ശൂർ കോർപ്പറേഷൻ-ജലവിതരണ വിഭാഗം -താൽക്കാലിക ഓവർസിയർ ഗ്രേഡ്-1 തസ്തികയിലെ നിയമനം- ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് -സംബന്ധിച്ച്

**വിവരണം**

ജലവിതരണ വിഭാഗത്തിൽ താൽക്കാലിക ഓവർസിയർ ഗ്രേഡ്-1 തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതയായിരുന്ന ശ്രീമതി.സിന്തോൾ. കെ എ എന്നവരുടെ നിയമന കാലാവധി 06.07.2026 ൽ പൂർത്തിയായതിനെ തുടർന്ന് ടിയാളെ വിടുതൽ ചെയ്തിട്ടുള്ളതാണ്.ടി ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് റിപ്പോർട്ട് ചെയ്തതുപ്രകാരം ലിസ്റ്റ് ലഭ്യമായിട്ടുള്ളതും ഉദ്യോഗാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി റാങ്കലിസ്റ്റ് തയ്യാറാക്കി അംഗീകാരത്തിനായി ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതുമാണ്.

അവശ്യ സർവ്വീസായ ജലവിതരണവിഭാഗത്തിലെ ദൈനംദിന പ്രവർത്തികൾ സമയബന്ധിതമായി നിർവഹിക്കേണ്ടതിനാൽ ടി ഒഴിവിലേക്ക് എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനനടപടികൾ പൂർത്തീകരിക്കുന്നവരേക്കും ടി തസ്തിക ഒഴിച്ചിടുന്നത് ഓഫീസ് പ്രവർത്തനങ്ങളെ ബാധിക്കുന്നതാണ്. മേൽ സാഹചര്യത്തിൽ പ്രസ്തുത റാങ്ക്ലിസ്റ്റിന് അംഗീകാരം ലഭിച്ച് ഉദ്യോഗാർത്ഥിക്ക്

നിയമനോത്തരവ് നൽകി ടി തസ്തികയിൽ നിയമിക്കുന്നത് വരെ മേൽ തസ്തികയിൽ പ്രവർത്തിപരിചയമുള്ള ജീവനക്കാരെ താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കേണ്ടതായിട്ടുണ്ട്.

ശ്രീമതി.സിന്തോൾ കെ എ എന്നവർ ടി തസ്തികയിൽ താൽക്കാലിക നിയമനം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.പുതിയ നിയമനത്തിനുള്ള റാങ്ക്ലിസ്റ്റിന് ബഹു.കൌൺസിൽ അംഗീകാരം ലഭിച്ചു ടി തസ്തികയിൽ നിയമനം നടത്തുന്നതുവരെ ടിയാരിയെ താൽക്കാലികമായി നിയമിക്കുന്നതിന് ബഹു.മേയർ 16.07.2026 ന് മുൻകൂർ അനുമതി നൽകിയിട്ടുള്ളതാണ്..ബഹു.മേയറുടെ മുൻകൂർ അനുമതി ബഹു.കൌൺസിലിന്റെ സാധൂകരണത്തിനായി സമർപ്പിക്കുന്നു.

33. **വിഷയം (ഫയൽ നമ്പർ - 2146266-2024)**

തൃശ്ശൂർ കോർപ്പറേഷൻ - LAC ADS 2023-24 - മിൽമ ഗ്യാസ് ഗോഡൗൺ വഴിയുള്ള പാലം നിർമ്മാണം - Revised estimate പ്രകാരം വരുന്ന അധിക തുക തനത് ഫണ്ടിൽ നിന്നും വകയിരുത്തുന്നത് - സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ വിൽവട്ടം സോണൽ ഡിവിഷൻ 6 ൽ മുൻ തൃശ്ശൂർ നിയോജകമണ്ഡലം എം.എൽ.എ ശ്രീ.ബാലചന്ദ്രൻ.പി യുടെ 2023-24 വർഷത്തെ നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി " മിൽമ ഗ്യാസ് ഗോഡൗൺ വഴിയുള്ള പാലം നിർമ്മാണം" എന്ന പ്രവൃത്തിക്ക് ഉത്തരവ് നമ്പർ LSGD/JD/TSR/7559/2024-25-F5 DTD:27/12/2024 പ്രകാരം **30,00.000/-** രൂപയുടെ ഭരണാനുമതി ലഭ്യമായിരുന്നു. പ്രസ്തുത പ്രവർത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതാണ് . എന്നാൽ നിലവിൽ ടി പ്രവർത്തി 2021 DSR പ്രകാരം ചെയ്യുവാനായി 34,10,000/- എസ്റ്റിമേറ്റ് തുക വരുന്നതാണ്. നിലവിൽ ടി പാലത്തിനു കൈവരി സ്ഥാപിക്കുന്നതിനായി ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് ,തൃശൂർ സിറ്റിയിൽ നിന്നും 03.06.2026 തീയതിയിൽ കത്ത് ലഭിച്ചിട്ടുള്ളതാണ്.Revised estimate പ്രകാരം **34,10,000/-** അടങ്കൽ തുക വരുന്നതിനാൽ അധികമായി വരുന്ന **4,10,000/- രൂപ** തനത് ഫണ്ടിൽ നിന്നും വകയിരുത്തുന്നതിനുള്ള അനുമതിക്കായി വിഷയം ബഹു. കൌൺസിലിന്റെ പരിഗണനക്കായി സമർപ്പിക്കുന്നതിന് മരാമത്ത് കാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ 18.07.2026 ലെ 47 ആം നമ്പർ പ്രകാരം തീരുമാനിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ ടി പ്രവൃത്തിക്കു Revised estimate പ്രകാരം **34,10,000/-** അടങ്കൽ തുക വരുന്നതിനാൽ അധികമായി വരുന്ന **4,10,000/- രൂപ** തനത് ഫണ്ടിൽ നിന്നും വകയിരുത്തുന്നതിനുള്ള ഭരണാനുമതിക്കായി ബഹു കൌണ്സിൽ മുമ്പാകെ സമർപ്പിക്കുന്നു.

കുറിപ്പ് : LAC ADS (2023-24) - ബഹു ജില്ലാ കളക്റ്ററുടെ 27/12/2024 തീയതിയിലെ LSGD/JD/TSR/7559/2024-25-F5 നമ്പർ ഭരണാനുമതി ഉത്തരവ്.

34. **വിഷയം (ഫയൽ നമ്പർ - 4222340-2025)**

തൃശൂർ കോർപറേഷൻ - കൂർക്കഞ്ചേരി സോണൽ - ഡിവിഷൻ 33 - വിവിധ പൊതുകിണറുകൾ നവീകരിക്കൽ പ്രവർത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നത് - സംബന്ധിച്ച്

**വിവരണം**

തൃശൂർ കോർപ്പറേഷൻ - കൂർക്കഞ്ചേരി സോണൽ - ഡിവിഷൻ 33 വിവിധ പൊതുകിണറുകൾ നവീകരിക്കൽ,മോട്ടർ സ്ഥാപിക്കൽ (പ്രോജക്ട് നമ്പർ 360/2026,അടങ്കൽ : 10,00,000/-, Agreement No 393/EE2 Dt 29/10/25) എന്ന പ്രവൃത്തിയുടെ നിർവഹണാർത്ഥം ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും അംഗീകരിച്ച ടെണ്ടർ പ്രകാരം എം.വി. ജോസ് എന്ന കരാറുകാരനുമായി കരാർ വച്ച് പ്രവർത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയുയാണ്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 1m ആഴത്തിൽ മണ്ണ് മാറ്റുന്നതിനാണ് ഉൾക്കൊള്ളിച്ചിരുന്നത്. എന്നാൽ പ്രവൃത്തിയുടെ നിർവഹണ വേളയിൽ കിണറിന്റെ അടിവശം പരിശോധിച്ചപ്പോൾ ഏകദേശം 4.75 m ആഴത്തിൽ മണ്ണ് നീക്കം ചെയ്യേണ്ടതായ സാഹചര്യം ഉണ്ടായി. ആയത് എസ്റ്റിമേറ്റ് ക്വാണ്ടിറ്റിയേക്കാൾ 25% അധികരിച്ചു വരുന്നു. കൂടാതെ ഇത്രയും മണ്ണ് നീക്കം ചെയ്യുന്നതിന് additional lift ഐറ്റം എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരുന്നില്ല. ആയത് extra item ആയി ഉൾപ്പെടുത്തേണ്ടതുണ്ട്. മേൽ കാരണങ്ങളാൽ ടി പ്രവൃത്തിക്കു എസ്റ്റിമേറ്റ് റിവിഷൻ ആവശ്യമായതിനാൽ എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള അംഗീകാരത്തിനായി ബഹു.കൌൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിന് പൊതുമരാമത്ത് സ്ഥിരംസമിതി 10-08-2026 ലെ 29 ആം നമ്പർ പ്രകാരം തീരുമാനിച്ചിട്ടുള്ളതാണ്. പ്രസ്തുത വിഷയം ബഹു.കൌൺസിൽ മുൻപാകെ

35. **വിഷയം (ഫയൽ നമ്പർ - 6651929-2026)**

തൃശ്ശൂർ കോർപ്പറേഷൻ - എം.പി.ഫണ്ട് (MPLADS 2026-27) ബഹു.തൃശ്ശൂർ ലോകസഭ എം.പി. ശ്രീ.സുരേഷ് ഗോപി ശുപാർശ ചെയ്ത തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ 36 - ഗവ.മോഡൽ ഗേൾസ് ഹൈസ്കൂളിൽ ഇൻഡോർ സ്പോർട്സ് ഏരിയ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് , പൂർത്തീകരണ ശേഷമുള്ള അറ്റകുറ്റപ്പണിയും തുടർപരിപാലനവും കോർപ്പറേഷൻ ഏറ്റെടുക്കുന്നതിന് ബഹു.മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്നത്- സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ 36-ൽ സ്ഥിതി ചെയ്യുന്ന ഗവൺമെന്റ് മോഡൽ ഗേൾസ് ഹൈസ്കൂളിൽ ബഹു. തൃശ്ശൂർ ലോകസഭ എം.പി. ശ്രീ. സുരേഷ് ഗോപിയുടെ 2026-27 വർഷത്തെ എം.പി. ഫണ്ടിൽ (MPLADS) ഉൾപ്പെടുത്തി ₹46,00,000/- രൂപ വകയിരുത്തി (നാൽപ്പത്താറ് ലക്ഷം രൂപ) "Indoor Sports area with Badminton Court at Government Model High School for Girls, Division 36, Thrissur Corporation" എന്ന പ്രവൃത്തി നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പ്രവർത്തിയുടെ എസ്റ്റിമേറ്റിന്റെ അംഗീകാരത്തിനും, ഭരണാനുമതിക്കുമായി സമർപ്പിച്ചപ്പോൾ ടി പദ്ധതിയുടെ പൂർത്തീകരണത്തിന് ശേഷം ആയതിന്റെ അറ്റകുറ്റപ്പണികളും തുടർപരിപാലനവും സംരക്ഷണവും തൃശ്ശൂർ കോർപ്പറേഷൻ പൂർണ്ണമായും ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ് എന്നുള്ള സാക്ഷ്യപത്രം അടിയന്തിരമായി സമർപ്പിക്കുന്നതിന് DPO-TSR/MPS/46/2026-RO1 നമ്പർ കത്ത് പ്രകാരം ജില്ലാ പ്ലാനിംഗ് ഓഫീസർ ആവശ്യപ്പെട്ടിരുന്നു. വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ബഹു. മേയറുടെ 19/08/2026 തിയതിയിലെ മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ സാക്ഷ്യപത്രം നൽകിയിട്ടുള്ളതാണ്. സാക്ഷ്യപത്രം അനുവദിച്ച വിഷയവും ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്ന വിഷയവും ബഹു. കൌൺസിലിന്റെ സാധൂകരണത്തിനായി സമർപ്പിക്കുന്നു.

36. **വിഷയം (ഫയൽ നമ്പർ - 6405819-2026)**

തൃശ്ശൂർ കോർപ്പറേഷൻ - തേക്കിൻകാട് മൈതാനം, വിദ്യാർത്ഥി കോർണർ പരിസരത്ത് 2026-ലെ സ്വാതന്ത്ര്യദിനാഘോഷത്തിന് ഗ്രൗണ്ട് ഒരുക്കുന്ന പ്രവൃത്തി - കരാർ അംഗീകരിച്ച ബഹു. മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്.

**വിവരണം**

2026-ലെ സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് തേക്കിൻകാട് മൈതാനം വിദ്യാർത്ഥി കോർണർ പരിസരത്ത് ഗ്രൗണ്ട് ഒരുക്കുന്ന പ്രവൃത്തിക്കായി ക്ഷണിച്ച ടെൻഡറുകളുടെ വിശദാംശങ്ങൾ താഴെ നൽകുന്നു:

| **ക്രമ നമ്പർ** | **കരാറുകാരന്റെ പേരും വിലാസവും** | **തുക (₹)** | **ടെൻഡർ നില** |
|---|---|---|---|
| 1 | **കെ. ഒ. റാഫി** കൊള്ളന്നൂർ ഹൗസ്, കുറ്റുമുക്ക്, തൃശ്ശൂർ | 48,500/- | L1 (കുറഞ്ഞ നിരക്ക്) |
| 2 | **മുഹമ്മദലി വി. എ.** വരാപ്പറമ്പിൽ ഹൗസ്, തൊട്ടപ്പടി, മണ്ണുത്തി | 52,000/- | L2 |

സ്വാതന്ത്ര്യ ദിനത്തിന് മുന്നോടിയായി അടിയന്തിരമായി നടപ്പിലാക്കേണ്ട പദ്ധതിയായതിനാൽ ഏറ്റവും കുറഞ്ഞ നിരക്ക് (L1) രേഖപ്പെടുത്തിയ കെ. ഒ. റാഫിയുടെ ടെൻഡർ അംഗീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനായി 14.08.2026-ൽ ബഹു. മേയർ മുൻകൂർ അനുമതി നൽകിയിട്ടുണ്ട്.ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. കെ. ഒ. റാഫിയുടെ ടെൻഡർ അംഗീകരിച്ച് 14.08.2026-ൽ ബഹു. മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരിച്ച്,പ്രവർത്തി കരാറിൽ ഏർപ്പെട്ടു വിജയകരമായി പൂർത്തീകരിച്ച റാഫി കെ ഒ എന്നവരുടെ തുക അനുവദിച്ചുനൽകുന്നതിനും കൗൺസിൽ അനുമതിക്കായി സമർപ്പിക്കുന്നു.

37. **വിഷയം (ഫയൽ നമ്പർ - 5731844-2026)**

തൃശൂർ കോർപറേഷൻ ഡിവിഷൻ 4 - വെളുത്താത്ത് ചിറ ഇളകി കിടക്കുന്ന ഭാഗങ്ങൾ പൊളിച്ചു പുതിയ നിർമ്മാണം നടത്തി ബെൽറ്റ് നൽകുന്നതിനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സംബന്ധിച്ച്

**വിവരണം**

തൃശൂർ കോർപറേഷൻ ഡിവിഷൻ 4 ൽ വടക്കെപ്പാടം ഗ്രൂപ്പ് ഫാർമിംഗ് പാടശേഖര സമിതി അട്ടതോടിന്റ 300 മീറ്റർ വെളുത്താത്ത് ചിറയുടെ കരിങ്കൽ കെട്ടിയ ഇരുവശവും ഇടിഞ്ഞു വീണിട്ടുള്ളത് അടിയന്തിരമായി പുനർ നിർമ്മിക്കുന്നതിനായി അപേക്ഷ ലഭിച്ചിരുന്നു .
വിയ്യൂർ പാടശേഖരസമിതിയുടെ കീഴിൽ വരുന്ന പാടശേഖരത്തിനു സമീപത്തുകൂടിയാണ് വെളുത്താത്ത് ചിറ കടന്നു പോകുന്നത്. ചിറയുടെ വിവിധ ഭാഗങ്ങളിൽ ഇളകി കിടക്കുന്ന ഭാഗങ്ങൾ പൊളിച്ചു പുതിയ നിർമ്മാണം നടത്തി ബെൽറ്റ് കൊടുക്കുന്നതിനു വേണ്ടി

**25,80,000/-** രൂപയുടെ എസ്റ്റിമേറ്റ് എഞ്ചിനീയറിങ് വിഭാഗത്തിൽ നിന്നും തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്

ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ എസ്റ്റിമേറ്റ് തൃശ്ശൂർ കോർപ്പറേഷൻ മരാമത്ത് കാര്യ സ്റ്റാന്റിങ് കമ്മിറ്റി മുമ്പാകെ പരിഗണനക്കായി സമർപ്പിചിരുന്നു. ടി വിഷയം ചർച്ച ചെയ്തതിൽ പ്രസ്തുത തോട് ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ളതിനാൽ ടി പ്രവൃത്തി ഇറിഗേഷൻ വകുപ്പ് നേരിട്ട് അറ്റകുറ്റപ്പണി ചെയ്യേണ്ടതാണെന്നും കാണിച്ച് ഇറിഗേഷൻ വകുപ്പിന് കത്ത് നൽകാവുന്നതാണെന്നും ടി വിഷയം കൌൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനും മരാമത്ത് കാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ 10.08.2026 ലെ 8 നമ്പർ പ്രകാരം തീരുമാനം എടുത്തിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ പ്രസ്തുത വിഷയം ബഹു കൌൺസിലിന്റെ പരിഗണനക്കായി സമർപ്പിക്കുന്നു.

കുറിപ്പ് : ടി പ്രവൃത്തിക്കായി **25,80,000/-** രൂപയുടെ എസ്റ്റിമേറ്റ് എഞ്ചിനീയറിങ് വിഭാഗത്തിൽ നിന്നും സമർപ്പിച്ചിട്ടുണ്ട്

38. **വിഷയം (ഫയൽ നമ്പർ - 5168980-2026)**

തൃശ്ശൂർ കോർപ്പറേഷൻ - CMLRRP പ്രവൃത്തികളുടെ ബിൽ തുക, MLA ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ ബിൽ തുക എന്നിവ ലഭ്യമാക്കണമെന്നും, BPCL ടാറിന്റെ തുക, പ്രവൃത്തിക്ക് ആവശ്യമായ സാധനസാമഗ്രികളുടെ വിലക്കയറ്റം എന്നിവ ചൂണ്ടികാണിച്ചു തൃശ്ശൂർ കോർപ്പറേഷൻ കോണ്ട്രാക്റ്റർ അസോസിയേഷൻ സമർപ്പിച്ച പരാതി സംബന്ധിച്ച്

**വിവരണം**

18.07.2026 തിയതിയിലെ മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സാധാരണ യോഗത്തിലെ 39-ാം നമ്പർ തീരുമാനപ്രകാരം- 2025-26 സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്ത് പൂർത്തീകരിച്ച CMLRRP പ്രവൃത്തികളുടെ ബിൽ തുക, MLA ഫണ്ട് ഉപയൊഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ ബിൽ തുക എന്നിവ ലഭ്യമായിട്ടില്ല എന്നും ടെണ്ടർ ഏറ്റെടുക്കുമ്പോൾ ഉണ്ടായിരുന്ന BPCL ടാറിന്റെ തുക ഏകദേശം 8000/-രൂപ ആയിരുന്നുവെന്നും ഇപ്പോൾ ഇത് 15500/- രൂപ വരെ ആയി എന്നും ആയതിനാൽ പഴയതുപോലെ ടാറിന് എക്സസ്സ് കോസ്റ്റോ മറ്റു രൂപത്തിലോ നഷ്ടം നികത്തിതരണമെന്നും അല്ലെങ്കിൽ ടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർക്ക് താല്പര്യമുണ്ടാകില്ല എന്നും കൂടാതെ 2021 ലെ DSR പ്രകാരമാണ് ഇപ്പോഴുള്ള എസ്റ്റിമേറ്റ് ഉണ്ടാക്കുന്നത് എന്നും അതിൽ റേറ്റ് റിവിഷൻ ചെയ്ത് 2026 പ്രകാരമുള്ള റേറ്റിലേക്ക് മാറ്റണമെന്നും കൂടാതെ പ്രവൃത്തിക്കാവശ്യമായ മെറ്റൽ, മണൽ, പാറ എന്നീ സാധന സാമഗ്രികളുടെ വിലക്കയറ്റം തടയാനുള്ള മാർഗ്ഗവും സ്വീകരിക്കണമെന്ന് കാണിച്ച് THRISSUR CORPORATION CONTRACTORS ASSOCIATION സമർപ്പിച്ച പരാതി ബഹു.കൗൺസിൽ തീരുമാനത്തിന് നൽകുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ആയതിനടിസ്ഥാനത്തിൽ വിഷയം ബഹു കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

കുറിപ്പ്

1)തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന് 26 CMLRRP പ്രവൃത്തികളാണ് ഉള്ളത്. ഇതിൽ 2025-26 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ചിട്ടുള്ള CMLRRP പ്രവൃത്തികൾക്ക് അലോട്ട്മെന്റ്/റീഅലോട്ട്മെന്റ് ലഭ്യമായത് പ്രകാരം 17 പ്രവൃത്തികളുടെ ബിൽ തുക നൽകിയിട്ടുള്ളതാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| SL NO | NAME OF WORK | ALLOTTED AMOUNT | STATUS OF WORK |
|---|---|---|---|
| 1 | LRRP-LRRP 2024-25 THRISSUR LAC - 3194 NELLIKAD-PEREPADAM ROAD DIVISION -08 VILVATTOM ZONAL THRISSUR CORPORATION THRISSUR DISTRICT-3194 NELLIKAD - PEREPADAM ROAD DIVISION-08 | 1685501/- | payment credited to contractor |
| 2 | LRRP-LRRP 2024-25 THRISSUR LAC - 560 PALLATH LANEMARUTHOOR ROAD DIVISION --09 VILVATTOM ZONAL THRISSUR CORPORATION THRISSUR DISTRICT | 1172048/- | payment credited to contractor |
| 3 | LRRP 2024-25 THRISSUR LAC - 2293 KUTTUMUKKU KARIMBILIINDHIRA NAGAR ROAD DIVISION -09 VILVATTOM ZONAL THRISSUR CORPORATION THRISSUR DISTRICT | 1258957/- | payment credited to contractor |
| 4 | LRRP-COMPANYPADI ROSE BAZAR ROAD DIV 04 -LRRP 2024-25 THRISSUR LAC SI No :324 - COMPANYPADI | 1477144/- | payment credited to contractor |

| | | | |
|---|---|---|---|
| | ROSE BAZAR ROAD DIV- 04- Thrissur Corporation Thrissur | | |
| 5 | LRRP-LRRP 2024-25 THRISSUR LAC - 1040 CANAL ROAD DIVISION - 08 VILVATTOM ZONAL THRISSUR CORPORATION THRISSUR DISTRICT-1040 CANAL ROAD DIVISION -08 | 1810074/- | payment credited to contractor |
| 6 | LRRP 2024-25 THRISSUR LAC SI No :2475 - Akasavani Vrindavan Road Vilvattom zonal Div 06 - Thrissur Corporation Thrissur -General Civil Work | 4279505/- | payment credited to contractor |
| 7 | LRRP-LRRP 2024-25 THRISSUR LAC - 965 SANTHINAGAR ROAD DIVISION -08 VILVATTOM ZONAL THRISSUR CORPORATION THRISSUR DISTRICT-SI no. 965 | 996777/- | payment credited to contractor |
| 8 | LRRP-2024-25 Thrissur LAC SL No 203-Thrissur Corporation Ollukkara Zonal Div 20 Alukkangadi-Jesus line road | 1396573/- | payment credited to contractor |

| | | | |
|---|---|---|---|
| | Rennovation Thrissur Corporation Thrissur District | | |
| 9 | LRRP-LRRP 2024-25 THRISSUR LAC - SL NO-1 KOTTIL ROAD DIVISION-1 AYYANTHOL ZONAL THRISSUR CORPORATION THRISSUR DISTRICT | 1419641/- | payment credited to contractor |
| 10 | LRRP-LRRP 2024-25 THRISSUR LAC - 2638 THRIKKUMARAKUDAM ROAD DIVISION-51 AYYANTHOL ZONAL THRISSUR CORPORATION THRISSUR DISTRICT-SI no. 2638 | 1328802/- | payment credited to contractor |
| 11 | LRRP-2024-25 OLLUR LAC SL NO.1717 - KANIMANGALAM MANGUZHI LINE ROAD KOORKANCHERY ZONAL THRISSUR CORPORATION THRISSUR DISTRICT.- | 1892350/- | payment credited to contractor |
| 12 | LRRP-LRRP2024-2025-THRISSUR LAC 1865 SASTHRI ROAD RENOVATION-DIVISION 22- | | payment credited to contractor |

| | | | |
|---|---|---|---|
| | THRISSUR CORPORATION | | |
| 13 | LRRP-LRRP 2024-25 THRISSUR LAC SL NO. 1465-THRISSUR CORPORATION OLLUR ZONAL DIV -26 RENOVATION OF JAWAHAR ROAD (FROM ANCHERI PAULSON MOOLA TO CHATHAN PAALAM | 2901575/- | payment credited to contractor |
| 14 | LRRP-2024-2025THRISSUR-LACSL.No.1970-MARAR ROAD-Swaraj Round to Railway Station Road-Thrissur Corporation. Thrissur | 4181520/- | payment credited to contractor |
| 15 | GENERAL-LRRP 2024-25 Thrissur Corporation 2148-P&T Road WAMS CLEARANCE PENDING Maintenance in division 38 | 3204049/- | payment credited to contractor |
| 16 | LRRP-2024-25 THRISSUR LAC 2399-KRISHNAPURAM TEMPLE SIDE ROAD RETARING AND DRAIN CONSTRUCTION DIVISION 21 ☑THRISSUR CORPORATION | 3257095/- | payment credited to contractor |

| | | | |
|---|---|---|---|
| 17 | WAMS CLEARANCE PENDING 17 GENERAL-LRRP 2024-25 Thrissur Corporation 258-MG Road ByeLane Maintenance in Division 38 | 2741224/- | payment credited to contractor |
| 18 | LRRP-LRRP 2024-25 Thrissur LACSI No:1408-VYLOPILLY - PULIKKATHARA-KUTTUMUCK ROAD RENNOVATION AND WALKWAY CONSTRUCTION-THRISSUR CORPORATION - OLLUKKARA ZONAL DIVISION 10 | | verification pending |
| 19 | LRRP-2024-25 Thrissur LAC SL No 1558-Thrissur Corporation Ollukkara Zonal Div 19 Uma nagar retaring Thrissur corporation Thrissur District-General Civil Work | | verification pending |
| 20 | LRRP-LRRP 2024-25 THRISSUR LACSL NO:3252 - RENNOVATION OF JAYA THEATER ROAD DIVISION -16THRISSUR CORPORATION OLLUKKATRA ZONAL THRISSUR DISTRICT | | verification pending |

| | | | |
|---|---|---|---|
| 21 | LRRP-LRRP 2024-25 THRISSUR LACSL NO:3039-RENNOVATION OF LITTLE FLOWER ROAD-SREENAGAR ROAD DIVISION 16THRISSUR CORPORATION OLLUKKARA ZONALTHRISSUR DISTRICT | | DLTC Monitoring pending |
| 22 | LRRP-LRRP 2024-25 Thrissur LACSI No:3075 - RENNOVATION OF ANUGRAHA ROADKAIRALI ROADPADMA GARDENTHRISSUR CORPORATION - OLLUKKARA ZONAL DIVISION 15 THRISSUR DISTRICT | | DLTC Monitoring pending |
| 23 | LRRP-2024-2025 THRISSUR LAC SL.No. 1149CHEMBOTTIL LANE ROAD-THRISSUR CORPORATION THRISSUR | | work not completed |
| 24 | LRRP-LRRP 2024-2025THRISSUR LAC SL.No:3482- DR.A.R. MENON ROAD THRISSUR CORPORATION THRISSUR DISTRICT-BM&BC ROAD DRAIN WORK | | work not completed |

| | | | |
|---|---|---|---|
| 25 | LRRP-LRRP 2024-25 THRISSUR LAC SL NO: 905 RENOVATION OF ELEMTHURUTHI ROAD THRISSUR CORPORATION OLLUR ZONAL DIV. 27 THRISSUR DT | | work not completed |
| 26 | LRRP-LRRP 2024-25 OLLUR LAC SL NO: 3284 MOSCO ROAD (FROM SOUTH ANCHERY TO ANCHERYCHIRA) THRISSUR CORPORATION - THRISSUR DISTRICT | | work not completed |

2) MLA ഫണ്ട് ഉപയൊഗിച്ച് പൂർത്തീകരിച്ച നിലവിലെ പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിനായി അലോട്ട്മെന്റ് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| NAME OF WORK |
|---|
| LAC-ADS-MLA- ADS 2023-24, PRO NO-22344 CONSTRUCTION OF CULVERT AND ROAD WORK AT TENS ROAD-THRISSUR CORPORATION OLLUKKARA ZONAL DIV-16-Genaral Civil Work |
| THRISSUR CORPORATION- DIV-54 MLA- SDF- CONSTRUCTION OF KITCHEN BLOCK AT NIRMALA UP SCHOOL AYYANTHOL-THRISSUR-GENENAL WORK |
| LAC-ADS-DIV-06-LAC ADS Thrissur Corporation 2023-24 Construction of Bridge at puthiyapalam Junction div-06-General Civil Work |

39. **വിഷയം (ഫയൽ നമ്പർ - 5429581-2026)**

തൃശ്ശൂർ കോർപറേഷൻ- 2026 പൊതു തിരെഞ്ഞെടുപ്പ് -പോളിംഗ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് നൽകിയ അഡ്വാൻസ് തുക ക്രമീകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

2026 പൊതു തിരെഞ്ഞെടുപ്പ് -പോളിംഗ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് -തൃശൂർ നിയോജകമണ്ഡലം പോളിംഗ് ബൂത്ത് 118 ന്റെ

പോളിംഗ് സ്റ്റേഷൻ തൃശ്ശൂർ കോർപ്പറേഷൻ അയ്യന്തോൾ സോണൽ ലാലൂർ-47-ാം ഡിവിഷൻ സൗഹൃദം കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി അയ്യന്തോൾ സോണൽ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നതും 3,00,000/-രൂപ അഡ്വാൻസ് അനുവദിച്ചിരുന്നതുമാണ് . ആയതു പ്രകാരം സിവിൽ ആൻഡ് ഇലക്ട്രിക്കൽ പ്രവൃത്തികൾ , ഉൾപ്പടെ ആകെ 1,85,446/- രൂപയുടെ ചിലവ് വന്നിട്ടുള്ളതാണ്. ആയതിന്റെ ബില്ലും muster roll ഉം സാക്ഷ്യപെടുത്തി അറ്റാച്ച് ചെയ്യുന്നു. ഇലക്ട്രിക്കൽ പ്രവൃത്തികളുടേതു ഇലക്ട്രിക്കൽ എൻജിനീറിങ് സെക്ഷനിൽ നിന്നും സാക്ഷ്യപ്പെടുത്തി നല്കിയിട്ടുള്ളതാണ് . സമർപ്പിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ 1,85,446/- രൂപയുടെ ചിലവ് ക്രമീകരിക്കുന്നതിനും ബാക്കി തുക 1,14,554/- രൂപ തിരിച്ചടവാക്കുന്നതിനും വേണ്ട നടപടികൾക്കായി അയ്യന്തോൾ സോണൽ AE സമർപ്പിച്ച രേഖകളുടെ അടിസ്ഥാനത്തിൽ 03-07-2026 തിയതിയിൽ R-C080100-26060920 നമ്പർ രസീത് പ്രകാരം 1,14,554/- രൂപ കോർപ്പറേഷനിലേക്ക് തിരിച്ചടവാക്കിയിട്ടുള്ളതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 31.07.2026 തിയതിയിലെ 59-ാം നമ്പർ തീരുമാനം പ്രകാരം 1,85,446/-രൂപയുടെ ചിലവ് അംഗീകരിക്കുന്നതിനും മുൻകൂർ തുക 3,00,000/- രൂപ ക്രമീകരിക്കുന്ന വിഷയവും ബഹു കൗൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആയതിനടിസ്ഥാനത്തിൽ വിഷയം ബഹു കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

40. **വിഷയം (ഫയൽ നമ്പർ - 1780136-2025)**

പി.എച്ച് 4- തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ അജൈവ മാലിന്യം 2021 കാലയളവിൽ നീക്കം ചെയ്ത വകയിൽ കരാറുകാരന് അനുവദിക്കുവാനുള്ള തുക അനുവദിയ്ക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ അജൈവ മാലിന്യം 2021 കാലയളവിൽ നീക്കം ചെയ്ത വകയിൽ കരാറുകാരനായ ശ്രീ രഘുനാഥ് എന്നവർക്ക് അനുവദിക്കുവാനുള്ള തുകയായ 30,82,482/- രൂപയും , EMD തുകയായ 10,20,000/-രൂപയും കൂടി ആകെ തുകയായ 41,02,482/ - രൂപ 29/08/2025 തീയ്യതിയിലെ 31-നമ്പർ കൗൺസിൽ തീരുമാനപ്രകാരം ബഹു: കൗൺസിൽ നിരാകരിച്ചതിനെ തുടർന്ന് ടിയാന് അനുവദിക്കുവാനുള്ള തുക അനുവദിക്കണമെന്നു ആവശ്യപ്പെട്ടു വീണ്ടും സമർപ്പിച്ച അപേക്ഷ ബഹു കൗൺസിൽ മുൻപാകെ

കുറിപ്പ്:-

1)തൃശ്ശൂർ കോർപ്പറേഷനില് 2012 വരെ നഗരത്തിൽ രൂപപ്പെടുന്ന മാലിന്യം ജൈവം, അജൈവം എന്ന് തരം തിരിക്കാതെ ലാലൂരിലെ ഡംപിംഗ് സൈറ്റിൽ നിക്ഷേപിക്കുന്ന രീതിയാണ് സ്വീകരിച്ചു വന്നിരുന്നത്. എന്നാല് ലാലൂർ നിവാസികളുടെ എതിർപ്പിനെ തുടർന്ന് 2012 ൽ ലാലൂരിലേയ്ക്ക് മാലിന്യം കൊണ്ടുപോകുന്നത് നഗരസഭയ്ക്ക് അവസാനിപ്പിക്കേണ്ടി വന്നു

2)ബഹു.കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളും, സംസ്ഥാന സർക്കാരിന്റെ 2018 ലെ മാലിന്യ പരിപാലനത്തിനായുള്ള സംസ്ഥാന നയവും സംസ്ഥാനമൊട്ടാകെ സമയബന്ധിതമായി നടപ്പിലാക്കിയതിന്റെ ഭാഗമായി മാലിന്യം ഉറവിടത്തിൽ തരംതിരിക്കുകയും അജൈവ മാലിന്യം ഹരിതകർമ്മസേനയ്ക്ക് കൈമാറുകയും ജൈവ മാലിന്യം സ്വന്തമായി സംസ്കരിക്കുകയും ചെയ്യുക എന്ന സമീപനമാണ് കോർപ്പറേഷൻ സ്വീകരിച്ചിരുന്നത്. ആയതു പ്രകാരം, അജൈവ മാലിന്യം നീക്കം ചെയ്യുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ച് കൗൺസിലിൻറെ അനുമതിയോടെ

ശ്രീ.പി.എ.തോമസ്, ശ്രീ.ഷൌക്കത്തലി, ശ്രീ.രഘുനാഥ് എന്നീ കരാറുകാർ മുഖേനെ ആയിരുന്നു 2012 മുതൽ 2022 വരെയുള്ള കാലയളവിൽ കോർപ്പറേഷൻ മാലിന്യം നീക്കം ചെയ്തിരുന്നത്

3)2021 ൽ കേരളത്തിൽ നിന്നും തരം തിരിക്കാനാവാത്ത അജൈവ മാലിന്യങ്ങൾ തമിഴ്നാട്ടിലെ കോയമ്പത്തൂരിൽ കൃഷിസ്ഥലത്ത് അനധികൃതമായി ആരോ തള്ളിയതിന്റെ ഭാഗമായി ദേശീയഹരിത ട്രൈബ്യൂണൽ OA 100/2021 നമ്പർ ആയി സ്വമേധയാ കേസ് സംസ്ഥാന സർക്കാരിനെതിരെ ഫയൽ ചെയ്തിട്ടുള്ളതാണ്. എന്നാൽ നിലവിൽ കോർപ്പറേഷനോ അന്നത്തെ കരാറുകാരനായ ശ്രീ.രഘുനാഥോ പ്രസ്തുത കേസില് പ്രതിപട്ടികയിലാത്തതുമാണ്. മേൽ NGT കേസിന്റെ ഭാഗമായി ബഹു.ജില്ലാ കളക്ടർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ 31.08.2022 ലെ 15-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം കരാറുകാരനായ രഘുനാഥന്റെ പക്കൽ നിന്നും പിഴ ഇൗടാക്കുന്നതിനും , കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും EMD കണ്ടുകെട്ടുന്നതിനും കൌൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്.

4)ശക്തനിൽ നിന്ന് മാലിന്യം നീക്കം ചെയ്ത വകയിൽ ടിയാന് അനുവദിക്കേണ്ട 30,82,482/-,രൂപയിലെ 18,20,000/- രൂപ (31.03.2021 മുതൽ 15.04.2021 വരെയുള്ളത്) 18.05.2021 ലെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം അനുവദിക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ മേൽ കേസിന്റെ അടിസ്ഥാനത്തിൽ 07.06.2021 ലെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 7-ാം നമ്പർ തീരുമാന പ്രകാരം 18.05.2021 ലെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം റദ്ദ് ചെയ്യുകയായിരുന്നു

**5)WP(C) NO. 28887 OF 2024 നമ്പർ കേസിന്റെ** 02.04.2025 ലെ വിധിന്യായ പ്രകാരം ടൌൺ ഈസ്റ്റ് പോലീസ് സ്റ്റേഷന്റെയും, ആനമല പോലീസിന്റെയും അന്തിമ റിപ്പോർട്ടുകൾ പരിഗണിച്ചും, ആയതിന്റെ അടിസ്ഥാനത്തിൽ ഹരജിക്കാരനെ കൂടി കേട്ടതിനു ശേഷവും ഹരജിക്കാരന്റെ അപേക്ഷയിന്മേൽ 2 മാസത്തിനകം തീരുമാനമെടുക്കുന്നതിന് ബഹു.ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നു. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.എം.രഘുനാഥിനെ 30.05.2025 തിയ്യതിയിൽ ബഹു.സെക്രട്ടറിയുടെ ചേംബറിൽ വച്ച് ഹിയറിഗ് നടത്തിയിട്ടുള്ളതാണ്. മേൽ ഹിയറിംഗിൽ, ആനമല പോലീസ് സ്റ്റേഷന്റെ അന്തിമ റിപ്പോർട്ടിൽ ടിയാൻ ഉൾപ്പെട്ടിട്ടില്ലായെന്നും, ടൌൺ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ കോർപ്പറേഷൻ നൽകിയ കേസിൽ ടിയാൻ കുറ്റക്കാരനല്ലയെന്ന് കണ്ട് കോടതി കേസ് തള്ളിയ സാഹചര്യവും കണക്കിലെടുത്ത് ബഹു ഹൈക്കോടതി പുറപ്പെടുവിച്ച മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശക്തനിലെ മാലിന്യം നീക്കം ചെയുന്നതിന് അടവാക്കിയ സെക്യൂരിറ്റി ഡെപോസിറ്റും മാലിന്യം നീക്കം ചെയ്ത വകയിൽ ലഭ്യമാകേണ്ട തുകയും ലഭിക്കുന്നതിനും കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയത് റദ്ദ് ചെയ്യണെമന്നും ആവശ്യപ്പെട്ട് ടിയാൾ 19.05.2025 ന് സമര്പ്പിച്ച അപേക്ഷ ബഹു കൗൺസിൽ മുൻപാകെ സമർപ്പിച്ചുവെങ്കിലും 29/08/2025 തീയ്യതിയിലെ 31-നമ്പർ തീരുമാന പ്രകാരം ടിയാന്റെ അപേക്ഷ പരിഗണിക്കാത്തതും ,31/08/2022 ലെ 15-നമ്പർ കൗൺസിൽ തീരുമാനം എടുക്കുവാനുണ്ടായ സാഹചര്യത്തിൽ നിന്നും ക്രിമിനൽ കേസുകൾ ഒഴികെ എന്തെങ്കിലും മാറ്റം വന്നതായി കൗൺസിലിന് ബോധ്യപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ ശ്രീ എം രഘുനാഥ് 19/05/2025 നു നൽകിയ അപേക്ഷ നിരാകരിക്കുന്നതിനും ടി കാര്യം ബഹു ഹൈകോടതിയിൽ അറിയിക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ് .

6) തുക അനുവദിക്കുന്ന വിഷയം മുൻ കൗൺസിൽ നിരാകരിചിട്ടുള്ളതിനാൽ, ആയതിനെതിരെ ടിയാൻ ബഹു ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതും , ബിൽ തുക അനുവദിച്ചു കിട്ടാത്ത സാഹചര്യത്തിൽ ടിയാൻ അനുഭവിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടുകളും , മറ്റു പരിതാപകരമായ അവസ്ഥകളും വിശദീകരിച്ചും, ടിയാന് അനുവദിക്കുവാനുള്ള തുകയായ 41,02,482/- രൂപയും 14 % പലിശയും സഹിതം ടിയാന്

അനുവദിക്കുന്ന പക്ഷം കോർപ്പറേഷനെതിരായ കേസ് പിൻ വലിക്കുവാൻ സന്നദ്ധനാണെന്നും അറിയിച്ചാണ് നിലവിൽ ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്

41. **വിഷയം (ഫയൽ നമ്പർ - 4842963-2025)**

തൃശ്ശൂർ കോർപ്പറേഷൻ ഒല്ലൂക്കര സോണൽ നെട്ടിശ്ശേരി ബൈലൈനുകൾ അറ്റക്കുറ്റപണി ( പ്രോജക്ട് നമ്പർ - 923/26 ) - പ്രോജക്ട് ഭേദഗതി ചെയ്യുന്നതിനും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുമുള്ള അനുമതി സംബന്ധിച്ച്

**വിവരണം**

പ്രോജക്ട് നമ്പർ - 923/26 - തൃശ്ശൂർ കോർപ്പറേഷൻ ഒല്ലൂക്കര സോണൽ നെട്ടിശ്ശേരി ബൈലൈനുകൾ അറ്റക്കുറ്റപണികൾ എന്ന പ്രവൃത്തിയ്ക്ക് (അടങ്കൽ തുക -1200000/-, മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ട്, Agreement No 100/EE1 dt 15/05/2026) അംഗീകാരം ലഭ്യമായിട്ടുള്ളതും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് അമൽ ടി എസ് എന്നവരുടെ ടെണ്ടർ അംഗീകരിച്ച് ടിയാനുമായി കരാർ ചമച്ച് നിർമ്മാണ പ്രവർത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമാണ്. ടി പ്രവൃത്തിയിൽ ബൈലൈൻ -1 ൽ 55 മീറ്റർ നീളത്തിലും ബൈലൈൻ -2ൽ 65 മീറ്റർ നീളത്തിലും ഇന്റർലോക്കിങ്ങും ബൈലൈൻ 3 ലും ബൈലൈൻ 2 ന്റെ ബാക്കി ഭാഗങ്ങളിലും റീടാറിംഗ് ആണ് ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ ബൈലൈൻ 2 ഇൽ കൾവർട്ടിനു ശേഷം ( CH: 160 മുതൽ CH:190 വരെ) റെയ്സിങ്ങോടുകൂടിയ ടാറിങ് ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നെട്ടിശ്ശേരി കുറ്റുമുക്ക് റോഡ് ഇപ്പോൾ ഉയർത്തി ഇൻർലോക്കിംഗ് ചെയ്തപ്പോൾ ഈ ബൈ ലൈനുകൾ മെയിൻ റോഡിനേക്കാൾ വളരെ താഴ്ന്ന ലെവലാണ്. ആയതിനാൽ ബൈലൈൻ 2-ഇൽ റീടാറിങ് മാത്രം ചെയ്താൽ ഈ റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുവാൻ സാധിക്കുകയില്ല. ബൈലൈൻ 2 ന്റെ ആരംഭം മുതൽ റോഡ് GSB ഇട്ട് ഉയർത്തി ബൈലൈൻ 2 ന്റെ അവസാന ഭാഗത്തുള്ള തോട്ടിലേക്ക് വെള്ളം ഒഴുകിപ്പോകത്തക്ക രീതിയിൽ ചെറിയ സ്ലോപ്പ് കൊടുത്ത് ഇന്റർലോക്ക് ടൈൽ വിരിക്കുകയും ഐറിഷ് ഡ്രൈൻ നിർമ്മിക്കുകയും ചെയ്താൽ മാത്രമേ വെള്ളക്കെട്ട് ഒഴിവാക്കുവാൻ സാധിക്കുകയുള്ളൂ. ബൈലൈൻ 2 ഉയർത്തുമ്പോൾ സ്വാഭാവികമായും ബൈലൈൻ 3 കൂടി ഉയർത്തേണ്ടതായി വരും. റീടാറിംഗ് മാറ്റി ഇന്റർലോക്ക് ചെയ്യുമ്പോൾ ഇന്റർലോക്ക് ക്വാണ്ടിറ്റി കൂടുതലായി വരുന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതുണ്ട്. മാത്രമല്ല റീടാറിംഗ് മാറ്റി ഇന്റർലോക്ക് ചെയ്യുമ്പോൾ പ്രവർത്തിയുടെ ഘടന മെയിന്റനൻസിൽ നിന്നും നിർമ്മാണത്തിലേയ്ക്ക് മാറുന്നതിനാൽ ഇതിൽ വകയിരുത്തിയിട്ടുള്ള മെയിന്റനൻസ് ഫണ്ട് ( റോഡ് വിഹിതം) ടി പ്രോജക്ടിന് ഫീസിബിൾ ആകുകയില്ല. ലഭ്യമായ ഫണ്ടിന് അനുസൃതമായി അടങ്കൽ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനും, പദ്ധതിയിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുമായി 10.08.2026 തീയതിയിലെ ബഹു പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റിയുടെ സാധാരണ യോഗത്തിലെ 5-ാം നമ്പർ തീരുമാനപ്രകാരം ശുപാർശ ചെയ്തിട്ടുള്ള വിഷയം ബഹു കൌൺസിൽ മുൻപാകെ സമർപ്പിക്കുന്നു

42. **വിഷയം (ഫയൽ നമ്പർ - 5826288-2026)**

തൃശ്ശൂർ കോർപ്പറേഷൻ -MPLADS – ഡിവിഷൻ 1, പൂങ്കുന്നം പള്ളിയിയിൽ ലെയിനിൽ ഫൂട്ട്പാത്ത് നിർമ്മാണം-എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ചു

**വിവരണം**

തൃശ്ശൂർ കോർപ്പറേഷനിലെ ഡിവിഷൻ 1-ൽ പെട്ട പൂങ്കുന്നം പള്ളിയിയിൽ ലെയിനിൽ, സ്ലാബോടു കൂടിയ ഡ്രെയിനേജ് നിർമ്മിക്കുന്നതിനായി **MPLADS – ഡിവിഷൻ 1, പൂങ്കുന്നം പള്ളിയിയിൽ ലെയിനിൽ ഫൂട്ട്പാത്ത് നിർമ്മാണം-എന്ന പ്രവൃത്തിക്കു (അടങ്കൽ തുക:** ₹ 9,45,000/-,)14/7/2026 ലെ DPO-TSR/MPS/46/2026-RO1 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്

റോഡിലുടനീളമുള്ള നിലവിലെ ഡ്രെയിനേജ് തകർന്ന നിലയിലാണ്; ആയതിനാൽ ഇത് പൊളിച്ചുമാറ്റി പുനർനിർമ്മിക്കേണ്ടതുണ്ട്. തകരാറിലായ ഡ്രെയിനേജ് കാരണം മഴവെള്ളം കാര്യക്ഷമമായി ഒഴുകിപ്പോകുന്നില്ല, ഇത് കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. അതിനാൽ, ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടുത്തുന്നതിനും മഴവെള്ളം സുരക്ഷിതമായി ഒഴുക്കിവിടുന്നതിനുമായി നിലവിലുള്ള ഡ്രെയിനേജ് പൊളിച്ചുമാറ്റി പകരം പുതിയ ഡ്രെയിനേജ് നിർമ്മിക്കേണ്ടതുണ്ട്

നിർദ്ദിഷ്ട ഡ്രെയിനേജിന് മുകളിൽ കോൺക്രീറ്റ് കവർ സ്ലാബുകൾ നൽകുന്നതാണ് ആയത് ഓവുചാലിന്റെ പ്രവർത്തനം നിലനിർത്തുന്നതോടൊപ്പം കാൽനടയാത്രക്കാർക്കായി
ഒരുതടസ്സമില്ലാത്തഫൂട്ട്പാത്തായിപ്രവർത്തിക്കുകയുംചെയ്യും.ഇത്കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുകയും റോഡിലൂടെയുള്ള വാഹനഗതാഗതംസുഗമമാക്കുകയും ചെയ്യും. പള്ളിയിയിൽ ലെയിനിന്റെ ശരാശരി വീതി ഏകദേശം 3.00 മീറ്ററാണ്. ഇടുങ്ങിയ പാതയായതിനാൽ, എതിർദിശയിൽ നിന്ന് വരുന്ന വാഹനങ്ങൾക്ക് വഴി കൊടുക്കുമ്പോൾ വാഹനങ്ങൾ ഡ്രെയിനേജിന്റെ കവർ സ്ലാബുകൾക്ക് മുകളിലൂടെ കയറിപ്പോകാൻ സാധ്യതയുണ്ട്. ഇത്തരം സാഹചര്യങ്ങൾ കണക്കിലെടുത്ത്, അപ്രതീക്ഷിതമായി വരുന്ന വാഹനങ്ങളുടെ ഭാരം സുരക്ഷിതമായി താങ്ങുന്നതിനും, വിള്ളലുകളോ കേടുപാടുകളോ ഒഴിവാക്കി ദീർഘകാല ഈട് ഉറപ്പാക്കുന്നതിനുമായി 150 mm thick RCC കവർ സ്ലാബുകളാണ് നിർദ്ദേശിച്ചിരിക്കുന്നത്.

ഈ പ്രവൃത്തി പൂർത്തിയാകുന്നതോടെ മഴവെള്ള ഓവുചാൽ സംവിധാനം മെച്ചപ്പെടുകയും, തുടർച്ചയായ സ്ലാബുകളിലൂടെ സുരക്ഷിതമായ ഫൂട്ട്പാത്ത് ലഭ്യമാകുകയും, റോഡിന്റെ അരികുകൾക്ക് ബലം ലഭിക്കുകയും ചെയ്യും. ഒപ്പം, പള്ളിയിയിൽ ലെയിനിലെ അടിസ്ഥാന സൗകര്യങ്ങളുടെ മൊത്തത്തിലുള്ള ഗുണമേന്മ വർദ്ധിക്കുകയും ചെയ്യും.

MoRD സ്പെസിഫിക്കേഷനുകൾക്ക് വിധേയമായും, നിലവിലുള്ള Cost Index , 18% GST എന്നിവ ഉൾപ്പെടുത്തിയുമാണ് ഈ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് .ആയതിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറിങ് വിഭാഗത്തിൽ നിന്നും തയ്യാറാക്കിയ 9,45,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി ബഹു കൌൺസിൽ പരിഗണനക്ക്.

കുറിപ്പ് :(1) 9,45,000/- രൂപയുടെ എസ്റ്റിമേറ്റ് അറ്റാച്ച് ചെയ്തിട്ടുണ്ട്
(2)നിർമ്മാണം പൂർത്തിയായതിനു ശേഷം ഫുട്പാത്തിന്റെ സംരക്ഷണവും , ഭാവിയിൽ ഉണ്ടായേക്കാവുന്ന അറ്റകുറ്റപ്പണികളും കോർപറേഷൻ നിർവഹിക്കേണ്ടതാണ്

43. **വിഷയം (ഫയൽ നമ്പർ - 2580983-2024)**

തൃശ്ശൂർ കോർപ്പറേഷൻ - 22/07/2026 തീയതിയിലെ MoHUA യിൽ നിന്നും ലഭ്യമായ അമൃത് മിത്ര പദ്ധതിയുടെ മുഴുവൻ പ്രവർത്തികളും ,പുതിയതായി അംഗീകരിച്ച division 56 ലെ ബ്യൂട്ടിഫിക്കേഷൻ പ്രവർത്തികളും അംഗീകരിച്ചുകൊണ്ടുള്ള എക്സ്റ്റൻഷൻ കത്ത് അറിവിലേക്കും, അമൃത് മിത്രയിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തികളുടെ കാലാവധി നീട്ടി നൽകുന്നതും - സംബന്ധിച്ച്

**വിവരണം**

1) തൃശ്ശൂർ കോർപ്പറേഷൻ അമൃത് മിത്ര പദ്ധതിയിലെ 1 മുതൽ 55 ഡിവിഷനുകളിലെ വാർഡ് ബ്യൂട്ടിഫിക്കേഷൻ, അമൃത് മിത്ര ഒല്ലൂർ,കുട്ടനെല്ലൂർ,ആറാട്ടുപുഴ കുടിവെള്ള സംസ്കരണ പ്ലാന്റുകളുടെ മേൽനോട്ടം , ഓഫീസ് പരിസര ബ്യൂട്ടിഫിക്കേഷൻ (OHSR Premises), പുതിയതായി രൂപീകരിച്ച 56 ആം ഡിവിഷൻ വാർഡ് ബ്യൂട്ടിഫിക്കേഷൻ എന്ന പ്രവർത്തി ഉൾപ്പെടെ അംഗീകരിച്ചുകൊണ്ട് 22/7/2026 തീയതിയിലെ MoHUA യിൽ നിന്ന് വന്ന കത്ത് ബഹു,കൗൺസിലിന്റെ അറിവിലേയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

2) CDS 1,2 ന്റെ പരിധിയിൽ നടന്നുകൊണ്ടിരിയ്കുന്ന ഒല്ലൂർ,കുട്ടനെല്ലൂർ,ആറാട്ടുപുഴ കുടിവെള്ള സംസ്കരണ പ്ലാന്റുകളുടെ മേൽനോട്ടം , ഓഫീസ് പരിസര ബ്യൂട്ടിഫിക്കേഷൻ (OHSR Premises) പ്രവർത്തികളുടെ കരാർ കാലാവധി 13/02/2026 നു അവസാനിച്ച സാഹചര്യത്തിലും നിയമസഭ ഇലക്ഷൻ പെരുമാറ്റചട്ടങ്ങൾ നിലനിന്നിരുന്നതിനാൽ കരാർ പുതുക്കാൻ കഴിയാതിരുന്ന സാഹചര്യത്തിലും ടി പ്രവൃത്തിയുടെ എഗ്രിമെന്റ് 14/02/2026 മുതൽ 6 മാസത്തേക്ക് പുതുക്കി നൽകുന്നതിന് ബഹു .മേയർ 02/06/2026 തീയ്യതിയിൽ മുൻ കൂർ അനുമതി നൽകിയിട്ടുള്ളതും ആയത് 24/06/2026 തീയ്യതിയിലെ 74 -ാം നമ്പർ മുൻസിപ്പൽ കോർപ്പറേഷൻ കൌൺസിൽ തീരുമാന പ്രകാരം(**4713920-2026** ഫയൽ നമ്പർ ) സാധൂകരിച്ചിട്ടുള്ളതുമാണ്. **14/08/2026** തീയ്യതിയിൽ ടി പ്രവൃത്തിയുടെ കാലാവധി 6 മാസം പൂർത്തീകരിച്ചതിനാൽ കരാർ കാലാവധി ഒരു വർഷം / അനുവദിച്ച തുക തീരുന്നത് വരെ നീട്ടി നൽകുന്ന വിഷയം ബഹു,കൌൺസിലിന്റെ അംഗീകാരത്തിനായി.

3)1മുതൽ 55 ഡിവിഷനുകളിലെ നടന്നുകൊണ്ടിരിയ്കുന്ന വാർഡ് ബ്യൂട്ടിഫിക്കേഷൻ പ്രവർത്തികളുടെ കരാർ കാലാവധി 25/4/2026 മുതൽ 6 മാസത്തേക്ക് പുതുക്കി നൽകുന്നതിന് ബഹു .മേയർ 02/06/2026 തീയ്യതിയിൽ മുൻ കൂർ അനുമതി നൽകിയിട്ടുള്ളതും ആയത് 24/06/2026 തീയ്യതിയിലെ 74 -ാം നമ്പർ മുൻസിപ്പൽ കോർപ്പറേഷൻ കൌൺസിൽ തീരുമാന പ്രകാരം(**4713920-2026** ഫയൽ നമ്പർ ) സാധൂകരിച്ചിട്ടുള്ളതുമാണ്. **24/10/2026** തീയ്യതിയിൽ ടി പ്രവൃത്തിയുടെ കാലാവധി 6 മാസം പൂർത്തീകരിക്കുന്നതിനാൽ കരാർ കാലാവധി ഒരു വർഷം / അനുവദിച്ച തുക തീരുന്നത് വരെ നീട്ടി നൽകുന്ന വിഷയം ബഹു,കൌൺസിലിന്റെ അംഗീകാരത്തിനായി.

4) 22/7/2026 തീയതിയിലെ MoHUA യിൽ നിന്ന് വന്ന കത്ത് പ്രകാരം പുതിയതായി രൂപീകരിച്ച 56 ആം ഡിവിഷൻ വാർഡ് ബ്യൂട്ടിഫിക്കേഷൻ എന്ന പ്രവർത്തി അംഗീകരിയ്കുന്നതിനും ടി ഡിവിഷനിലേയ്ക്ക് കുടുംബശ്രീ വഴി പുതിയ SHG അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനായി അനുമതി നൽകുന്ന വിഷയം ബഹു,കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിയ്കുന്നു .

കുറിപ്പ് :- 22/7/2026 തീയതിയിലെ MoHUA യിൽ നിന്നും ലഭ്യമായ കത്ത് ഉള്ളടക്കം ചെയ്യുന്നു.

44. **വിഷയം (ഫയൽ നമ്പർ - 1566004-2026)**

തൃശ്ശൂർ കോർപറേഷൻ -2026 തൃശ്ശൂർ പൂരം - തേക്കിൻകാട് മൈതാനിയിലും ഇ-ടോയ്ലറ്റുകളിലും താല്ക്കാലിക ജലകണക്ഷൻ നൽകുന്ന പ്രവൃത്തി – കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെൻഡർ അംഗീകരിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിനും പൂർത്തീകരിച്ച പ്രവൃത്തിയുടെ ബിൽ തുക നൽകുന്നതിനുള്ള അനുമതിയും - സംബന്ധിച്ച്.

**വിവരണം**

2026 ലെ തൃശ്ശൂർ പൂരത്തോടനുബന്ധിച്ച് തേക്കിൻകാട് മൈതാനിയിൽ താൽക്കാലികമായി കുടിവെള്ളം ലഭ്യമാക്കുന്നതിനും, E-Toilets കളിൽ വെള്ളം എത്തിക്കുന്നതിനുമായി താൽക്കാലിക വാട്ടർ കണക്ഷൻ നൽകുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി തൃശ്ശൂർ കോർപ്പറേഷൻ എഞ്ചിനീയറിംഗ് വിഭാഗം മുഖേന ക്ഷണിച്ച റീ-ടെണ്ടർ/ക്വട്ടേഷൻ പരസ്യപ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് (L1) സമർപ്പിച്ച ശ്രീ.ഡെന്നീസ്.ടി.ജി. എന്ന കരാറുകാരന്റെ ₹2,54,237/- + ജി.എസ്.ടി (രണ്ടു ലക്ഷത്തി അൻപത്തിനാലായിരത്തി ഇരുനൂറ്റി മുപ്പത്തേഴ് രൂപ + ജി.എസ്.ടി) തുകയ്ക്കുള്ള ക്വട്ടേഷൻ, തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്ന സാഹചര്യത്തിലും പൂരത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്തും ബഹു. മേയറുടെ 17/04/2026-ലെ മുൻകൂർ അനുമതിയോടെ അംഗീകരിച്ച് സെലക്ഷൻ നോട്ടീസും വർക്ക് ഓർഡറും നൽകിയിരുന്നു. ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്ന വിഷയവും, 25/04/2026-ലെ കരാറുടമ്പടി (Agreement No. 110/WN/EE 1/LSGD/2026-27) പ്രകാരം പ്രവർത്തി പൂർത്തിയാക്കിച്ച നടപടി അംഗീകരിക്കുന്നതിനും, പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കിയ സാഹചര്യത്തിൽ അംഗീകരിച്ച കരാർ തുകയായ ₹2,54,237/- അതിന്മേലുള്ള ജി.എസ്.ടി തുകയും ചേർത്ത് (നിയമാനുസൃതമായ മറ്റ് കിഴിവുകൾക്ക് ശേഷം) കരാറുകാരന് അനുവദിക്കുന്ന വിഷയവും ബഹു. കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

45. **വിഷയം (ഫയൽ നമ്പർ - 5948801-2026)**

തൃശ്ശൂർ കോർപ്പറേഷൻ - വിൽവട്ടം സോണൽ - ഡിവിഷൻ 6 രാമവർമ്മപുറത്തുള്ള വില്ലടം ഗ്രൗണ്ടിൽ ഫ്ളഡ് ലൈറ്റ് , മറ്റു ലൈറ്റുകൾ എന്നിവ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് Additional Transformer സ്ഥാപിക്കുന്നതിനായി KSEB യിൽതുക അടവാക്കുന്നത് - സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ - വിൽവട്ടം സോണൽ - ഡിവിഷൻ 6 രാമവർമ്മപുറത്തുള്ള വില്ലടം ഗ്രൗണ്ടിൽ ഫ്ളഡ് ലൈറ്റ്, മറ്റു ലൈറ്റുകൾ എന്നിവ സ്ഥാപിച്ചതിന് Electrical Connection ലഭിക്കുന്നതിനുള്ള അപേക്ഷ KSEB Ramavarmapuram സെക്ഷനിൽ സമർപ്പിക്കുകയും, അവിടെ നിലവിലുള്ള ട്രാൻസ്ഫോർമറിൽ LOAD കൂടുതലായതിനാൽ Additional Transformer സ്ഥാപിക്കേണ്ടതാണെന്നും KSEB അസിസ്റ്റന്റ്" എഞ്ചിനീയർ അറിയിച്ചിരുന്നതായി ഇലക്ട്രിക്കൽ കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട് .
ആയതിനുള്ള ഫീസ് ഇനത്തിൽ 6,08,852/- രൂപയും electrical inspectorate ചാർജ് **3,000/- രൂപയും** ഉൾപ്പടെ **6,11,852 /- രൂപ** അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, രാമവർമപുരം കത്ത് മുഖേന അറിയിച്ചിട്ടുള്ളതാണ്.മേൽ സാഹചര്യത്തിൽ രാമവർമ്മപുരത്തുള്ള വില്ലടം ഗ്രൗണ്ടിൽ ഫ്ളഡ് ലൈറ്റ് ,മറ്റു ലൈറ്റുകൾ എന്നിവ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് Additional Transformer സ്ഥാപിക്കുന്നതിനായി KSEB ക്കു **6,11,852 /- രൂപ** അനുവദിക്കുന്ന വിഷയം ബഹു.കൌൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിന് 10.08.2026 ലെ 28 നമ്പർ പ്രകാരം മരാമത്ത് കാര്യ സ്റ്റാന്റിങ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. മേൽ സാഹചചര്യത്തിൽ പ്രസ്തുത വിഷയം ബഹു കൌൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

കുറിപ്പ് : KSEB രാമവർമപുരം സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 15.07.2026 തിയതിയിലെ DB/AE/ES/RVPM/2026-27/132 നമ്പർ കത്ത്

46. **വിഷയം (ഫയൽ നമ്പർ - 472107-2025)**

തൃശൂർ കോർപറേഷൻ - റെവന്യൂ വിഭാഗം - ബിനി ടൂറിസ്റ്റ് ഹോമിന്റെ വാടക കുടിശ്ശിക - സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ ബിനി ടൂറിസ്റ്റ് ഹോമിന്റെ വാടക കുടിശ്ശികയുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിൽ നിലവിലുള്ള WP (C) 16868/2026 കേസിന്റെ ഭാഗമായി സമർപ്പിച്ച RP NO.732/2026 നമ്പർ റിവ്യൂ പെറ്റീഷനിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധി പ്രകാരം 09/2024 മുതൽ ഓരോ മൂന്ന് മാസത്തെ കുടിശ്ശിക വാടകയും, തനത് മാസത്തെ വാടകയും അടവാക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്.പ്രസ്തുത കോടതി ഉത്തരവ് പ്രകാരം മുഴുവൻ തുകയുടെയും പട്ടിക തയ്യാറാക്കി വിശദമായ ഡിമാന്റ് നോട്ടീസ് ലൈസൻസിയ്ക്ക് നൽകിയിട്ടുള്ളതാണ്. എന്നാൽ കോർപ്പറേഷനിലേക്ക് അടവാക്കാനുള്ള മൊത്തം തുകയിലെ ആദ്യ ഗഡുവായ 08/2026 മാസത്തെ വാടകയും, 09/2024, 10/2024, 11/2024 എന്നീ മാസങ്ങളിലെ വാടക കുടിശിക, ജി.എസ്.ടി, പിഴ പലിശ എന്നിവ ചേർത്തുള്ള 47,08,500/- രൂപയിൽ പിഴ ഒഴിവാക്കി 36,28,500/- രൂപയുടെ ചെക്കാണ് ലൈസൻസി കോർപ്പറേഷനിൽ സമർപ്പിച്ചിരുന്നത്. ആയതിൽ നിന്നും തന്മാസത്തെ വാടക, വാടക കുടിശിക, ജി.എസ്.ടി, പിഴ പലിശ എന്നിവ ചേർത്തുള്ള തുക കോർപ്പറേഷൻ വരവ് വെക്കുകയും, തുടർന്ന് ആദ്യ ഗഡുവിൽ ബാക്കി അടവാക്കാനുള്ള 10,51,500/- രൂപയും 09/26 മാസത്തെ വാടകയും, 12/2024, 01/2025, 02/2025 എന്നീ മാസങ്ങളിലെ വാടക കുടിശികയും ജി.എസ്.ടി, പിഴ പലിശ എന്നിവ ഉൾപ്പെടുയുള്ള തുകയായ 55,80,000/ അടവാക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് നൽകുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ലൈസൻസി 36,28,500/- രൂപയുടെ ചെക്ക് മാത്രമാണ് 11.09.2026 തിയ്യതിയിൽ കോർപ്പറേഷനിൽ സമർപ്പിച്ചിട്ടുള്ളത്. എന്നാൽ ലൈസൻസിയുടെ ബാങ്ക് അക്കൌണ്ടിൽ മതിയായ തുക ഇല്ല കാരണത്താൽ ബാങ്കിൽ നിന്നും പ്രസ്തുത ചെക്ക് മടങ്ങിയിട്ടുള്ളതും, 15.09.2026 തിയ്യതിയിൽ RTGS വഴി പ്രസ്തുത തുക കോർപ്പറേഷന്റെ അക്കൌണ്ടിലേക്ക് അടവാക്കിയിട്ടുള്ളതുമാണ്. മേൽ വിവരം ബഹു.കൌൺസിലിന്റെ അറിവിലേക്കായി സമർപ്പിക്കുന്നു.

| | **ലൈസൻസി അടവാക്കാനുള്ള തുക** | ചെക്ക് മുഖേനെ **അടവാക്കിയ തുക** | **നഗരസഭ അക്കൗണ്ടിൽ വരവ് വെച്ചിട്ടുള്ളതന്റെ വിവരങ്ങൾ** | **ബാലൻസ് തുക അടവാക്കാനുള്ളത്** |
|---|---|---|---|---|
| ഒന്നാം ഗഡു | **47,08,500/-** (2026 ആഗസ്ത് മാസം - 8,25,000 + ജി എസ് ടി , 2024 | **36,28,500/-** | **36,28,500/-** 08/2026 = 8,25,000/- 09/2024,10/2024, ( 1500000/-) | **10,51,500** |

| | | | | |
|---|---|---|---|---|
| | സെപ്റ്റംബർ, ഒക്ടോബർ, നവംബർ (3 X 750000) 22,50,000 + 5,53,500/- ( ജി എസ് ടി + 10,80,000/- പിഴപലിശ ) | | 11,23,500/- ( GST+Penal Intrest) അവശേഷിക്കുന്ന തുക 11/ 2024 ലെ വാടകയിലേക്ക് വകയിരുത്തിയത് = 1,80,000 രൂപ ആകെ = **36,28,500** | |
| രണ്ടാം ഗഡു | **55,80,000** (2026 സെപ്റ്റംബർ മാസം - 8,25,000 + ജി എസ് ടി , 2024 നവംബർ മാസത്തെ ബാക്കി തുക, 2024 ഡിസംബർ,2025 ജനുവരി ,ഫെബ്രുവരി വാടക കുടിശിക + ജി എസ് ടി + പിഴപലിശ ) | **36,28,500/-** | **36,28,500/-** 09/2026 മാസത്തെ വാടക തുക = 825000 + 1,48,500/- ( GST) , 11/2024 ലെ ബാക്കി തുക ( 5,70,000/- + 1,35,000/-( GST) + 3,46,500/- Penal Intrest 12/2024 മാസത്തെ വാടക കുടിശിക 7,50,000/- + 1,35,000/- (GST), 3,15,000/- ( Penal Intrest) 01/2025 മാസത്തേക്ക് വരവ് വെച്ച തുക 4,03,500/- രൂപ. ആകെ = **36,28,500** | **19,51,500** |

**കുറിപ്പ്**

(1) ബഹു.ഹൈക്കോടതി വിധിയിൽ പിഴപ്പലിശ ഒഴിവാക്കണമെന്ന് പറഞ്ഞിട്ടില്ലാത്തതിനാൽ കോർപ്പറേഷൻ വാടക കുടിശികയുടെ പിഴപ്പലിശ കൂടി കണക്കാക്കിയാണ് ഡിമാന്റ് നോട്ടീസുകൾ നൽകിയിട്ടുള്ളത്. ലൈസൻസി പിഴപ്പലിശ ഒഴിവാക്കിയിട്ടുള്ള വാടകയാണ് അടവാക്കി വരുന്നത്.

(2) നിലവിൽ പിഴപലിശ ഒഴിവാക്കുന്നതിന് സാധിക്കുകയില്ല.

47. **വിഷയം (ഫയൽ നമ്പർ - 4635414-2025)**

തൃശ്ശൂർ കോർപ്പറേഷൻ - 2025-26 വാർഷിക പദ്ധതി - പദ്ധതി നമ്പർ 726/26 പ്രകാരമുള്ള ഡ്രൈനേജ് പ്രവൃത്തി - അടങ്കൽ തുകയ്ക്ക് മാറ്റമില്ലാതെ പ്രവൃത്തിയിൽ മാറ്റം വരുത്തിക്കൊണ്ട് റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുന്നത് - സംബന്ധിച്ച്.

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ 2025-2026 സാമ്പത്തിക വർഷത്തെ മെയിന്റനൻസ് ഫണ്ടിൽ (റോഡ്) ഉൾപ്പെടുത്തി 814000/- അടങ്കൽ തുക വകയിരുത്തി സെൻട്രൽ സോണൽ ഡിവിഷൻ 36 പരിധിയിൽ ഡ്രൈനേജ് നിർമ്മാണത്തിനായി (പദ്ധതി നമ്പർ: 726/26, അഗ്രിമെന്റ് നമ്പർ: 280/EE1/LSGD/2024-25, തീയതി: 31/12/2025) ശ്രീ. സുരേഷ് ടി.എൻ എന്ന കരാറുകാരനുമായി കരാറിലേർപ്പെട്ട് 16-01-2026-ൽ ആരംഭിച്ച പുത്തൻപീടികക്കാവ് - കോ-ഓപ്പറേറ്റീവ് ബാങ്ക് റോഡ് ഡ്രൈനേജ് പ്രവൃത്തിയിൽ, നിലവിൽ അംഗീകരിച്ച എസ്റ്റിമേറ്റിൽ 65 മീറ്റർ കാന നിർമ്മാണമാണ് വിഭാവനം ചെയ്തിരുന്നതെങ്കിലും, റോഡരികിലെ അനധികൃത കൈയേറ്റങ്ങൾ ഒഴിവാക്കുന്നതിലുണ്ടായ കാലതാമസവും, കാനയുടെ അവസാന ഭാഗം നിലവിലുള്ള തോട്ടിലേക്ക് സുഗമമായി എത്തിച്ചുചേർക്കുന്നതിന് ആവശ്യമായ ചരിവ് (Slope) നൽകി നീളം ഏകദേശം 80 മീറ്റർ വരെ (23% വർദ്ധനവ്) വർദ്ധിപ്പിക്കേണ്ടതിന്റെ അനിവാര്യതയും കാരണം, പദ്ധതിക്ക് വകയിരുത്തിയ ആകെ അടങ്കൽ തുകയായ 814000/-രൂപയ്ക്ക് യാതൊരുവിധ മാറ്റവും വരുത്താതെ അളവുകളിലെ മാറ്റങ്ങൾ മാത്രം ഉൾപ്പെടുത്തിക്കൊണ്ട് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുമതിക്കായി സമർപ്പിച്ച വിഷയം 10-08-2026-ൽ ചേർന്ന മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം (തീരുമാന നമ്പർ: 16) പരിശോധിക്കുകയും, ടി പ്രവൃത്തിയുടെ സുഗമമായ നടത്തിപ്പിനായി വകയിരുത്തിയ അടങ്കൽ തുകയിൽ മാറ്റം വരുത്താതെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിനായി ബഹു.കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ അംഗീകരിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിന് ബഹു.കൗൺസിലിന്റെ തീരുമാനത്തിനായി സമർപ്പിക്കുന്നു

48. **വിഷയം (ഫയൽ നമ്പർ - 5315628-2026)**

തൃശ്ശൂർ കോർപറേഷൻ- ന്യൂ ജയ്ഹിന്ദ് മാർക്കറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് ജില്ലാ കമ്മിറ്റി ഓഫീസിലെ ചോർച്ച പരിഹരിക്കുന്നതിനായി വാട്ടർപ്രൂഫിംഗ് പ്രവൃത്തികൾ നടത്തേണ്ടതുണ്ട്. ഇതിനായി TCED-യുമായി ആലോചിച്ച് അടിയന്തിരമായി EOI (Expression of Interest) ക്ഷണിക്കുന്നതിനുള്ള അനുമതി- സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ന്യൂ ജയ്ഹിന്ദ് മാർക്കറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് ജില്ലാ കമ്മിറ്റി ഓഫീസിലെ ചോർച്ച പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് ബോർഡ് ചെയർമാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.എന്നാൽ, കെട്ടിടത്തിന് മുകളിൽ Thrissur Corporation Electricity Department (TCED) സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുള്ളതിനാൽ, സാധാരണ രീതിയിലുള്ള ഷീറ്റ് റൂഫിംഗോ വാട്ടർപ്രൂഫിംഗോ നടത്താൻ സാധിക്കില്ലെന്നും മുൻപ് ക്ഷണിച്ച ടെൻഡർ റദ്ദാക്കേണ്ടി വന്നതായും അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ഏകദേശം ₹40,00,000/- (നാൽപ്പത് ലക്ഷം രൂപ) ചെലവ് പ്രതീക്ഷിക്കുന്ന ഈ ചോർച്ച നിവാരണ പ്രവൃത്തി പൂർത്തിയാക്കുന്നതിനായി, TCED-യുമായി കൂടിയാലോചിച്ച് സോളാർ പാനലുകൾക്ക് തടസ്സമില്ലാത്ത വിധത്തിൽ വാട്ടർപ്രൂഫിംഗ് നടത്തുന്നതിന് അംഗീകൃത കമ്പനികളിൽ നിന്ന് അടിയന്തിരമായി EOI (Expression of Interest) ക്ഷണിക്കുന്നതിനും, തുടർനടപടികൾ സ്വീകരിക്കുന്നതിനും അനുമതിക്കായി കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു

49. **വിഷയം (ഫയൽ നമ്പർ - 472107-2025)**

തൃശ്ശൂർ നഗരസഭ റസ്റ്റ് ഹൗസ് (ബിനി ടൂറിസ്റ്റ് ഹോം ) നടത്തിപ്പിനാ യിട്ടുള്ള ഓഫറിലെ വ്യവസ്ഥകളുമായി ബന്ധപ്പെട്ട് , ജെ.കെ.ആർ ഡൊമിനിയൻ പ്രൈവറ്റ് ലിമിറ്റഡ്, സി ജെ ടവർ എന്നവരുടെ പരാതിയിന്മേൽ ബഹു. ഹൈക്കോടതിയിൽ നിന്നും ലഭ്യമായിട്ടുള്ള വിധിന്യായത്തിലെ നിർദേശപ്രകാരം, 06.06.2026 ലെ ബഹു. കൗൺസി ലിന്റെ തീരുമാനപ്രകാരം പരാതിക്കാരനെ 20.07.2026 ന് നേരിൽ കേട്ട് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതാണ്. ആയതിൽ തുടർനടപടി സ്വീകരിക്കുന്നത്- സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ നഗരസഭ റസ്റ്റ് ഹൗസ് (ബിനി ടൂറിസ്റ്റ് ഹോം ) നടത്തിപ്പിനായിട്ടുള്ള ഓഫറിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളതിനാൽ ,ആയത് റദ്ദ് ചെയ്ത് റീ ടെണ്ടർ ചെയ്യണമെന്നാവശ്യപ്പെട്ടു കൊണ്ട്, ജെ.കെ.ആർ ഡൊമിനിയൻ പ്രൈവറ്റ് ലിമിറ്റഡ്, സി ജെ ടവർ എന്നവർ ബഹു.ഹൈക്കോടതി മുൻപാകെ സമർപ്പിച്ചിട്ടുള്ള WP (C) 31608/2024 കേസിന്റെ വിധിന്യായത്തിൽ ബഹു.കൗൺസിൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 06.06.2026 ലെ ബഹു.കൗൺസിലിന്റെ തീരുമാന പ്രകാരം പരാതിക്കാരനെ 20.07.2026 ന് നേരിൽ കേട്ട് താഴെ പറയും പ്രകാരം മൊഴി രേഖപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത വിവരങ്ങൾ ബഹു,കൗൺസിലിന്റെ പരിഗണനക്കായി സമർപ്പിക്കുന്നു.

1. ഓഫർ നടപടികൾ നടക്കുമ്പോൾ ശക്തൻ ചേമ്പേഴ്സ് എന്ന സ്ഥാപനം നിലവിലുണ്ടായിരുന്നില്ല. ജനീഷ്.പി.എസ് എന്ന പേരിൽ വ്യക്തിയാണ് ഓഫറിൽ പങ്കെടുത്തിരുന്നത്. ആയതിനാൽ ശക്തൻ ചേമ്പേഴ്സ് എന്ന സ്ഥാപനത്തിനു വേണ്ടി ടിയാന് ഓഫറിൽ പങ്കെടുക്കുവാൻ അവകാശമില്ലാത്തതാണ്.
2. ഓഫറിൽ പങ്കെടുക്കാത്ത ശക്തൻ ചേമ്പേഴ്സിന് ബിനി ടൂറിസ്റ്റ് ഹോം കൈമാറിയ നടപടി നിയമവിരുദ്ധവും , കേരള മുനിസിപ്പൽ ആക്ടിന്റെ ലംഘനവുമാണ്.
3. ഓഫർ കഴിഞ്ഞാൽ പങ്കെടുത്തവരെ ഓപൺ നെഗോസിയേഷൻ നടത്തുന്നതിന് വിളിക്കേണ്ടതാണ്. ഓഫറിൽ പങ്കെടുത്ത് 5 ലക്ഷം രൂപ നിരതദ്രവ്യം കെട്ടിവച്ചതുമായ ജെ കെ ആർ ഡൊമിനിയോൺ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ നെഗോസിയേഷന് വിളിച്ചിട്ടില്ല. ഓഫറിൽ പങ്കെടുത്തവരെ ഓപൺ നെഗോസിയേഷന് വിളിക്കാത്തത് കേരള മുനിസിപ്പൽ ആക്ടിന്റെ ലംഘനമാണ്.

4. ശക്തൻ ചേമ്പേഴ്സ് എന്ന സ്ഥാപനം നിശ്ചിത സമയപരിധിക്കുള്ളിൽ ബാങ്ക് ഗ്യാരണ്ടി നൽകിയിട്ടില്ലാത്തതും,വാടക കുടിശ്ശിക വരുത്തിയിട്ടുള്ളതുമാണ്.
മേൽ പറഞ്ഞ വസ്തുതകൾ പരിഗണിച്ച് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കണമെന്നാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ളത്.

**കുറിപ്പ്**

**1**) തൃശ്ശൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും, വർഷങ്ങളായി വാടകയ്ക്ക് നൽകി വന്നിരുന്നതുമായ ബിനി ടൂറിസ്റ്റ് ഹോം അതുവരെ ഉണ്ടായിരുന്ന ലൈസൻസി ആയ ശ്രീമതി.ഓമന അശോകൻ എന്നവർ ഒഴിവായതിനെ തുടർന്ന് ലേലം/പുനർലേലം പല പ്രവശ്യം നടത്തിയിരുന്നതും, അപ്രകാരം ലേലത്തിൽ പോകാത്ത സാഹചര്യത്തിൽ 23/08/2022 തീയതിയിലെ ബഹു.മേയറുടെ ഉത്തരവനുസരിച്ച് ബിനി ടൂറിസ്റ്റ് ഹോം "നിലവിലുള്ള അവസ്ഥയിൽ" ഏറ്റെടുക്കുന്നതിന് വേണ്ടി ഓഫർ ക്ഷണിക്കുകയും 5 പേർ പങ്കെടുത്ത ഓഫറിൽ 1) ജനീഷ്.പി.എസ് - **7,25,000**,2) ഗ്രോ പ്രോ ബിസിനസ് സർവീസ് - **7,05,000**, 3) ജെ കെ ആർ , ഡൊമിനിയൻ പ്രൈവറ്റ് ലിമിറ്റഡ് - **6,75,000** ,4) പ്രേം ജി കൊള്ളന്നൂർ - **5,90,000** , 5) ഓമന അശോകൻ **5,40,000** , എന്നിവരാണ് പങ്കെടുത്തത്.
19.09.2022 ന് നടന്ന ഓപ്പൺ നെഗോസിയേഷനിൽ ഓഫറിൽ ഉയർന്ന തുക ക്വോട്ട് ചെയ്ത ശ്രീ.ജനീഷ്.പി.എസ് എന്നവരെ നെഗോസിയേഷന് വിളിക്കുന്നതിനാണ് ബഹു.മേയർ നിർദേശിച്ചി ട്ടുള്ളത്. **675000/-** രൂപ മാത്രം ഓഫർ സമർപ്പിച്ചതിനാലും, ഒന്നാം സ്ഥാനക്കാരനും മൂന്നാം സ്ഥാനക്കാരനായ ഹർജിക്കാരനും തമ്മിൽ 50000/- രൂപയോളം വ്യത്യാസം ഉള്ളതിനാലുമാണ് **മൂന്നാം സ്ഥാനക്കാരായ** ജെ.കെ.ആർ ഡൊമിനിയൻ എന്ന സ്ഥാപനത്തിനെ നെഗോസിയേഷന് വിളിക്കാതിരുന്നത്.

2. ശ്രീ.ജനീഷ്.പി.എസ്, പേങ്ങാട്ടിയിൽ വീട്, അയ്യന്തോൾ എന്ന പേരിലാണ് 16.09.2022 തിയതിയിൽ ഓഫർ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 19.09.2022 ഓപൺ നെഗോസിയേഷൻ സമയത്താണ്, ശ്രീ.ജനീഷ്.പി.എസ് എന്നവർ ടിയാന്റെ സ്ഥാപനമായ ശക്തൻ ചേമ്പേഴ്സിനു വേണ്ടിയാണ് താൻ ഓഫറിൽ പങ്കെടുത്തതെന്നും, ആയതിനാൽ തുടർന്നു വരുന്ന കത്തിടപാടുകളും, എഗ്രിമെന്റും ഈ പേരിൽ വേണമെന്ന് ആവശ്യം ഉന്നയിച്ചിട്ടുള്ളതാണ്. **23.10.2025 ലെ 15/1 നമ്പർ തീരുമാന പ്രകാരം** ശക്തൻ ചേമ്പേഴ്സ് എന്ന പേരിലേക്ക് മാറ്റുന്നതിനുള്ള ആവശ്യം അംഗീകരിച്ചിട്ടുള്ളതുമാണ്.
3. ലൈസൻസ് വ്യവസ്ഥകൾ പ്രകാരമുള്ള ബാങ്ക് ഗ്യാരണ്ടി 16.04.2025 നാണ് ലൈസൻസി ഹാജരാക്കിയിട്ടുള്ളത്.
4. വാടക കുടിശിക ഈടാക്കുന്നത് സംബന്ധിച്ച വിഷയത്തിൽ ബഹു.ഹൈക്കോടതിയിൽ WP(C) No.16868 Of 2026 (G) നമ്പറായി കേസ് നിലവിലുള്ളതും. ആയതുമായി ബന്ധപ്പെട്ട 732 of 2026 നമ്പർ റിട്ട് ഹർജിയിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടവാക്കേണ്ട ആദ്യ ഗഡുവായ 47,08,500/- രൂപയിൽ പിഴപലിശ ഒഴികെയുള്ള തുക 36,28,500/- രൂപ കരാറുകാരൻ നഗരസഭയിൽ അടവാക്കിയിട്ടുള്ളതാണ്.

50. **വിഷയം (ഫയൽ നമ്പർ - 477040-2025)**

തൃശ്ശൂർ കോർപ്പറേഷൻ - വിൽവട്ടം സോണൽ പരിധിയിൽ വരുന്ന സ്നേഹ വീട്ടിൽ ഉള്ള പാഴ് വസ്തുക്കളുടെ ലേലം - അംഗീകാരം നൽകുന്നത് സംബന്ധിച്ച്

**വിവരണം**

വിൽവട്ടം സോണൽ പരിധിയിൽ വരുന്ന സ്നേഹ വീട്ടിൽ ഉള്ള പാഴ് വസ്തുക്കളുടെ ലേലം 02.05.2025 തീയതിയിൽ നടത്തിയിരുന്നു. എന്നാൽ 02/05/2025 തീയതിയിൽ നടത്തിയ ലേലത്തിൽ വാല്യൂവേഷൻ തുകയായ **86,715/-** രൂപയേക്കാൾ കുറവ് തുകക്കുള്ള ലേലം നടന്നതിനാൽ ലേലം ഉറപ്പിച്ചിട്ടില്ലായിരുന്നു.

ഇതിനെ തുടര്ന്ന് 15.07.2026 തീയതിയിൽ പുനർലേലം നടത്തിയിരുന്നു. 11 പേര് പുനർലേലത്തിൽ പങ്കെടുത്തു. ലേലത്തിൽ പങ്കെടുത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

പ്രസ്തുത ലേലത്തിൽ കൂടുതൽ തുകക്ക് ലേലം (90,000/- രൂപ) വിളിച്ച ഷാർപ്പ് മെറ്റൽസ് എന്നവരുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുകയും ടിയാൻ ലേലതുകയുടെ 1/3 ഭാഗം വരുന്ന തുകയായ 30,000/-രൂപ 16.07.2026 തീയതിയിൽ കോർപ്പറേഷൻ തനതു ഫണ്ടിലേക്ക് അടവാക്കിയിട്ടുള്ളതാണ്.

ബഹു പൊതുമരാമത്ത് കാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ 10.08.2026 ലെ 2 നമ്പർ തീരുമാനം പ്രകാരം ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത ഷാർപ്പ് മെറ്റൽസ് എന്നവരുടെ ലേലം അംഗീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ പ്രസ്തുത ലേലം അംഗീകരിക്കുന്നതിനായി ബഹു കൌൺസിലിന്റെ പരിഗണനക്കായി സമർപ്പിക്കുന്നു.

51. **വിഷയം (ഫയൽ നമ്പർ - 1922504-2025)**

തൃശ്ശൂർ കോർപ്പറേഷൻ ആരോഗ്യ വിഭാഗം- പി എച്ച് 5 - 4-ാം സർക്കിൾ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ഗോപകുമാർ എം. എൻ. അവർക്ക് അനുവദിച്ച അഡ്വാൻസ് തുക ക്രമീകരിക്കുന്നതിനും ചെലവ് അംഗീകരിക്കുന്നതിനും – സംബന്ധിച്ച്.

**വിവരണം**

അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ച് നീക്കം ചെയ്യുന്നതിനായി ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് അഡ്വാൻസ് അനുവദിക്കുന്നതിന് ബഹു. മേയർ നൽകിയ മുൻകൂർ അനുമതി 08.08.2025-ലെ കോർപ്പറേഷൻ കൗൺസിലിന്റെ 3/1-ാം നമ്പർ തീരുമാന പ്രകാരം സാധൂകരിച്ചിട്ടുള്ളതാണ്.പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം അഡ്വാൻസ് ക്രമീകരിക്കുന്നതിനായി ബന്ധപ്പെട്ട എസ്.പി.എച്ച്.ഐ. ഫിനാൻസ് കാർഡ് മുഖേന ബില്ലുകളും വൗച്ചറുകളും സഹിതം ഫയൽ സമർപ്പിച്ചിരുന്നുവെങ്കിലും സാങ്കേതിക തകരാർ (Technical Error) മൂലം തുക ക്രമീകരിക്കുന്നതിനുള്ള നടപടി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.
ആയതിനാൽ, ശ്രീ. ഗോപകുമാർ എം. എൻ. അവർക്ക് അനുവദിച്ച ₹1,00,000/- അഡ്വാൻസ് തുകയ്ക്ക് അനുബന്ധമായി സമർപ്പിച്ചിട്ടുള്ള ബില്ലുകളും വൗച്ചറുകളും പരിശോധിച്ച്, 1,02,000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നതിലേക്കായും അധികമായി ചെലവായ 2000/- രൂപ ശ്രീ. ഗോപകുമാർ എം. എൻ 4-ാം സർക്കിൾ എസ് പി എച്ച് ഐ ക്ക് (പ്രവൃത്തി നടക്കുന്ന കാലയളവിലെ എസ് പി എച്ച് ഐ ) തിരികെ നൽകുന്നതിനായും അഡ്വാൻസ് ക്രമീകരിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നതിനായി വിഷയം ബഹു. കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

52. **വിഷയം (ഫയൽ നമ്പർ - 6467356-2026)**

തൃശ്ശൂർ കോർപ്പറേഷൻ- ആരോഗ്യ വിഭാഗം(PH3)- ഡി.ടി.പി.സി യുടെ ഓണാഘോഷപരിപാടിക്ക് ധനസഹായം അനുവദിക്കുന്നത്- സംബന്ധിച്ച്

**വിവരണം**

വിനോദസഞ്ചാര വകുപ്പ്, തൃശ്ശൂർ ജില്ലാ ടൂറിസംപ്രമോഷൻ കൗൺസിൽ, ജില്ലാ ഭരണകൂടം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ 2026 ഓഗസ്റ്റ് 25 മുതൽ 29 വരെ സംഘടിപ്പിക്കുന്ന ജില്ലാതല ഓണാഘോഷ പരിപാടികളുടെ നടത്തിപ്പിന് ഗണ്യമായ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ കോർപ്പറേഷനിൽ നിന്നും 5 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നതിന് 04/08/2026 തിയതിയിലെ DTPCTR/69/2026/A2 നമ്പർ പ്രകാരം കത്ത് ലഭിച്ചിട്ടുണ്ട്. കൂടാതെ ഓണാഘോഷ പരിപാടികളുടെ സമാപനദിവസമായ 29/08/2026 തിയതിയിലെ മുഴുവൻ ചെലവുകളും തൃശ്ശൂർ കോർപ്പറേഷൻ വഹിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് അഭ്യർഥിച്ചുകൊണ്ട് 14/08/2026 തിയതിയിലെ DTPCTR/69/2026/A2 നമ്പർ പ്രകാരവും കത്ത് ലഭിച്ചിട്ടുണ്ട്.
പ്രസ്തുത വിഷയങ്ങൾ ബഹു.കൗൺസിൽ മുമ്പാകെ.
കുറിപ്പ്: ധനസഹായം അനുവദിക്കുന്നതിന് ബഹു.സർക്കാരിന്റെ അനുമതി ആവശ്യമാണ്.
ബഹു.സർക്കാരിന്റെ അനുമതി കൂടാതെ മേൽപ്പറഞ്ഞ രീതിയിലുള്ള ധനസഹായങ്ങൾ അനുവദിക്കുവാൻ കഴിയില്ല.

53. **വിഷയം (ഫയൽ നമ്പർ - 5451079-2026)**

തൃശ്ശൂർ കോർപ്പറേഷൻ -പൊതുജനാരോഗ്യവിഭാഗം -പി.എച്ച് 6 - താത്കാലിക ദിവസ വേതനാടിസ്ഥാനത്തിൽ ജെ സി ബി ഓപ്പറേറ്ററെ നിയമിക്കുന്നത് സംബന്ധിച്ച്

**വിവരണം**

സൂചന : ബഹു.മേയറുടെ 22/07/2026 ലെ മുൻകൂർ അനുമതി
തൃശ്ശൂർ കോർപ്പറേഷനിലെ ആരോഗ്യ വിഭാഗം സർക്കിൾ 6 ൽ ജെ സി ബി ഓപ്പറേറ്ററെ അടിയന്തിരമായി നിയോഗിക്കണമെന്ന് കാണിച്ചുള്ള സർക്കിൾ 6 ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടിക്കാഴ്ച്ച സംബന്ധിച്ച് പത്രപരസ്യം നല്കിയതിൻ പ്രകാരം ശ്രീ.കൃഷ്ണകുമാർ , കോഴിപ്പറമ്പിൽ വീട് , നെടുപുഴ പി ഒ എന്ന ഒരു ഉദ്യോഗാർത്ഥി മാത്രമാണ് കൂടിക്കാഴ്ച്ച ഹാജരായിരുന്നത് .
ആയത് പ്രകാരം ടിയാനെ 89 ( എൺപത്തിയൊൻപത് ) ദിവസത്തേക്ക് ജെ സി ബി ഓപ്പറേറ്ററായി താല്ക്കാലിക നിയമനം നല്കുന്നതിന് ബഹു.മേയറിൽ നിന്നും മുൻകൂർ അനുമതി ലഭിച്ചിട്ടുള്ളതാണ്. ആയതിനാൽ ആരോഗ്യ വിഭാതത്തിലെ ജെ സി ബി ഓപ്പറേറ്ററുടെ താല്ക്കാലിക നിയമനത്തിനായി മുൻകൂർ അനുമതി നല്കിയ ബഹു.മേയറുടെ നടപടി സാധൂകരിക്കുന്ന വിഷയം ബഹു.കൌൺസിലിൻറെ പരിഗണനക്കായി. സമർപ്പിക്കുന്നു

54. **വിഷയം (ഫയൽ നമ്പർ - 6742698-2026)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ – ആരോഗ്യ വിഭാഗം – PH 5 - തെരുവുനായ ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നത് – ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയിൽ നിന്നുള്ള ശുപാർശകൾ – സംബന്ധിച്ച്.

**വിവരണം**

- 1. ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, തൃശ്ശൂർ, 11/08/2026-ലെ DLSA/TSR/D.No.590/2026 നമ്പർ കത്ത്.

2. 04/07/2026-ന് ചേർന്ന Stray Dog Victim Compensation Recommendation Committee യോഗത്തിന്റെ തീരുമാനങ്ങൾ.

- തൃശ്ശൂർ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെ 11/08/2026 തിയതിയിലെ DLSA/TSR/D.No.590/2026 നമ്പർ കത്ത് പ്രകാരം, 04/07/2026-ന് ചേർന്ന Stray Dog Victim Compensation Recommendation Committee യോഗത്തിൽ പരിഗണിച്ച നഷ്ടപരിഹാരം അനുവദിക്കുന്നതിനായി ശുപാർശ ചെയ്ത 42 കേസുകളുമായി ബന്ധപ്പെട്ട ഉത്തരവുകൾ തുടർനടപടികൾക്കായി ഈ ഓഫീസിൽ ലഭിച്ചിട്ടുള്ളതാണ്.പ്രസ്തുത ഉത്തരവുകളോടൊപ്പം ബന്ധപ്പെട്ട അപേക്ഷകരുടെ പേരുവിവരങ്ങളും കേസ് നമ്പറുകളും അനുവദിക്കേണ്ട നഷ്ടപരിഹാര തുകയും ഉൾപ്പെടുന്ന പട്ടികയും സമർപ്പിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശുപാർശ പ്രകാരം താഴെപ്പറയുന്ന 42 കേസുകളിലായി ആകെ **₹33,65,359/-** (മുപ്പത്തിമൂന്ന് ലക്ഷം അറുപത്തയ്യായിരത്തി മുന്നൂറ്റി അമ്പത്തൊൻപത് രൂപ മാത്രം) നഷ്ടപരിഹാരമായി അനുവദിക്കേണ്ടതുണ്ട്. ആയതിനാൽ, ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെ നിർദ്ദേശങ്ങളും Stray Dog Victim Compensation Recommendation Committee-യുടെ ശുപാർശകളും പരിഗണിച്ച്, പട്ടികയിൽ ഉൾപ്പെട്ട 42 ഗുണഭോക്താക്കൾക്ക് ആകെ **₹33,65,359/-** നഷ്ടപരിഹാര തുക അനുവദിക്കുന്ന വിഷയം ബഹു.കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു.

പട്ടിക താഴെ ചേർക്കുന്നു.

| **ക്രമ നം.** | **ഹർതിക്കാരിയുടെ പേര്** | **SDVC നമ്പർ** | **തുക (₹)** |
|---|---|---|---|
| 1 | Asha Manoharan, Veluthandi House, Padavaraad, Kuttanellur P.O., Ollur, Thrissur, 680306. | 525/2025 | 39,150 |
| 2 | Mini A O,Arangassery House,Thadapparambu,Thirur, Mulamkunnathukavu And | 441/2025 | 50,000 |
| 3 | Sarath V.S., Vadalivilayil (H), P.O. Choolissery, Kolengattukkara, 680541. | 527/2025 | 26,356 |

| | | | |
|---|---|---|---|
| 4 | Sri.Sajeev.G,Sree tharangh (H),Thazhuthala,Kottiyam(PO),Kollam,691571 | 565/2025 | 20,000 |
| 5 | Umesh Unnikrishnan C/o T.K. Unnikrishnan, 1. Ammadam, Paralam, Thrissur, 680563. | 220/2025 | 45,000 |
| 6 | Sri. Prasad.P, PurayampilliHouse, ThaikkattusserykP.O, Thrissur | 702/2025 | 75,000 |
| 7 | Vineesh N C,S/o chandran N C,NakkathHouse.Elthuruth po Karyattukara 680611 | 704/2026 | 1,09,578 |
| 8 | Sri Rajesh.R, Pallath House, Erimayur P.O, Thrissur | 655/2025 | 1,22,939 |
| 9 | Sheela (Girija) W/o Mohandas Kadalassery (H), Pottore P.O., Thrissur, 680581. | 763/2025 | 4,49,602 |
| 10 | Salim V.S., C/o Shajila, Vakkeparambil (H), Muthulliyal, Cherpu, Thrissur, 680561. | 735/2025 | 50,000 |

| | | | |
|---|---|---|---|
| 11 | Soumya. M, W/O Rajesh Maruthur ,Kalathil House Ayyanthole Thrissur 680003 | 653/2025 | 28,000 |
| 12 | Sri. Thomas K A, S/o Anthony, Kakkassey House, Aranattukara P.O, Thrissur. | 202/2025 | 55,000 |
| 13 | Thilakan A.S., Adattukkaran (H), Souhruda line, Valarkkavu. Kuriachira P.O., Thrissur, 680006. | 25/2026 | 56,000 |
| 14 | Babu Raj S/o Velyudhan, VariyathParambil (H), Vadukara, Gandhinagar, Thrissur, 680007 | 733/2025 | 45,000 |
| 15 | Davis T.M. S/o Valarkkavu,Kuriachira Mathew, Therattilkoonan (H). P.O., Thrissur. Jeevan Street | 24/2026 | 45,000 |
| 16 | Sri.Nixon Varghese, Alappatt House, Kuttur P.O, Kolazhy, Thrissur | 541/2025 | 36,888 |
| 17 | Sri.AntonyP.V,Plakkan(H) PuthenpeedikaPO,PWD | 96/2025 | 45,000 |

| | | | |
|---|---|---|---|
| | Road,Anthikkad, Thrissur, 680642 | | |
| 18 | Smt.Vijaya K.R,Kodappully (H),Paralam(PO), Kodannur,Thrissur, 680563 | 172/2025 | 50,000 |
| 19 | Varghese, S/O Enashu, KunjuveetilHousc,N adathra P O,Thrissur | 229/2025 | 14,895 |
| 20 | Rappai, Arimbur House, Venginissery, P.O. Paralam, Thrissur, 680563 | 397/2025 | 35,000 |
| 21 | Daison K.V., Karakkada House, Kristheeya Veedhi, Paravattani, Thrissur, | 744/2025 | 1,50,000 |
| 22 | Leela Wilson,W/O Wilson ,Alappadan House,Chiyyaram po 680026 | 568/2025 | 2,65,692 |
| 23 | Annies George W/o George (late) Pellissery (H), Ollur P.O., Thrissur. | 320/2025 | 12,65,964 |
| 24 | Sri. Johny A M, Anthikatt House, Chembukavu P.O, Thrissur | 12/2026 | 28,280 |

| | | | |
|---|---|---|---|
| 25 | Sharadha.T.S, W/o Janardhanan, Velliya Parambil House, Kannimangalam P.O, Thrissur | 711/2025 | 35,000 |
| 26 | Nandakumar K, Moothedath (H), S.N. Road, Chelakottukara, Thrissur, 680005 | 367/2025 | 55,000 |
| 27 | Johnson N.P Neelamkavil House, Tharayil bus stop, Pudhurkara, Ayyanthole, Thrissur -680003 | 485/2025 | 35,235 |
| 28 | Shibu V.C., Vadekkara (H), Kannamkulangara Thuruth, Kuriachira P.O., Thrissur | 474/2025 | 26,000 |
| 29 | Sadik, Kalluparambil House, P.O. Nedupuzha, Panamukku, Thrissur, 680007 | 480/2025 | 50,000 |
| 30 | Sathyan P.G., Peringadookaran (H), Viyyur P.O., Thrissur.. | 123/2025 | 55,000 |
| 31 | Dhanam Raghu, w/o Raghu, Thottakkaran House, | 351/2025 | 1,00,000 |

| | | | |
|---|---|---|---|
| | KodannurP.O, Thrisssur 680563 | | |
| 32 | Adv. Hrishikesh N.P. S/o Late Peethambaran. N.V., Nelliparambil (H), Karyattukkara p.o., Elthuruth, Thrissur. | 22/2026 | 39,282 |
| 33 | John C.D., Chiriyankandath House, Chittissery P.O., Thrissur, 680301. | 742/2025 | 1,61,323 |
| 34 | Sivan K.V., KuruppamParambil (H), Malapallipuram P.O., Mala, 680732 | 740/2025 | 41,000 |
| 35 | Thimothi M.F., Muthuparambil (H), Din-ha Road, Nellikunnu Thrissur. 680005 | 20/2026 | 45,000 |
| 36 | Smt. Saritha, W/o Minesh, Thiyyadi House, Nedupuzha P.O, Kurkancheri S.O Kurkancheri, Thrissur, 680007 | 94/2025 | 33,500 |
| 37 | Krishnankutty k, Vandanam, Neeja District, Kuttimukku ,680631 | 766/2025 | 28,000 |
| 38 | Ratheesh V K, Valuvilaputhenveed u house, | 477/2025 | 25,000 |

| | | | |
|---|---|---|---|
| | Thaikattuserry P O ollur 680306 | | |
| 39 | Smt. Ambika Subrahmanian, W/O Subrahmanian, Aloor House, Chenam, Paralam, Thrissur | 393/2025 | 75,000 |
| 40 | Fazil K Majeed, Kalluparambil House, Potta, P.O., Chalakkudy, Thrissur, 680722 | 468/2025 | 1,26,845 |
| 41 | Biju N. R, S/o Rajan N. K, Nelliparambil House, Valiyalukkal, Mahila Samajam Road, Kanimangalam S.O, Pallissery, Thrissur-680027 | 465/2025 | 50,000 |
| 42 | Sri.Umesh.K.U., Kizhakkumpurath House, Veluthur P.O, Kunnathangady, Thrissur | 617/2025 | 1,07,949 |
| **ആകെ** | | | **₹33,65,359/-** |

**കുറിപ്പ്**

**സീരിയൽ നം. 9:**

ഹർജിക്കാരി തെരുവുനായ ആക്രമണമേറ്റയാളുടെ ഭാര്യയാണ്. എന്നാൽ ഉത്തരവിൽ ഭർത്താവിന്റെ പേരോ ആർക്കാണ് നഷ്ടപരിഹാരം നൽകേണ്ടത് എന്നതു സംബന്ധിച്ചോ വ്യക്തമാക്കിയിട്ടില്ല. ആക്രമണമേറ്റതായി അവകാശപ്പെടുന്ന വ്യക്തി ഓഫീസിൽ ഹാജരായി ബാങ്ക് അക്കൌണ്ട് വിവരങ്ങൾ സമർപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ, നഷ്ടപരിഹാര തുക ആർക്ക് നൽകണമെന്ന വിഷയത്തിൽക്കൂടി സതീരുമാനമെടുക്കാവുന്നതാണ്

**സീരിയൽ നം. 23**:
ഹർജിക്കാരി തെരുവുനായ ആക്രമണമേറ്റയാളുടെ ഭാര്യയാണ്. ആക്രമണമേറ്റയാൾ ഇപ്പോൾ ജീവിച്ചിരിപ്പില്ല. നഷ്ടപരിഹാരത്തുക നിയമപരമായി അർഹതപ്പെട്ട അവകാശിക്ക് നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാവുന്നതാണ്

55. **വിഷയം (ഫയൽ നമ്പർ - 2862770-2024)**

തൃശൂർ മുനിസിപ്പൽ കോർപറേഷൻ -വ്യവഹാര വിഭാഗം -തൃശൂർ പ്രിൻസിപ്പൽ മുൻസിഫ് കോടതി മുമ്പാകെയുള്ള OS 1254/2004,EP 1270/2013 നമ്പർ കേസ് സംബന്ധിച്ച്

**വിവരണം**

ബഹു.തൃശൂർ പ്രിൻസിപ്പൽ മുൻസിഫ് കോടതിയിലെ OS 1254/2004,EP 1270/2013 നമ്പർ വിധി നടത്തിപ്പ് ഹർജിയിൽ പുതിയ ഷോപ്പിംഗ്കോംപ്ലക്സിലെ 19.99 ചതുരശ്രമീറ്റർ അളവിലുള്ള മുറി ടി വിധി നടത്തും ഹർജിയിലെ വിധി ഉടമസ്ഥനായ കെ.ജി.ഉണ്ണികൃഷ്ണൻ എന്നവർക്ക് നൽകുവാനും, അല്ലാത്ത പക്ഷം കോർപ്പറേഷന് സെക്രട്ടറിയെ അറസ്റ്റ് ചെയ്ത് ജയിലിൽ പാർപ്പിക്കുന്നവനുമാണ് അപേക്ഷിച്ചിട്ടുള്ളത്. ടി കേസ് 31.08.2026 തീയതിയിലേക്ക് ഫൈനൽ ഹിയറിങ്ങിനായി വെച്ചിട്ടുള്ളതാണ്. OS1254/2004 നമ്പർ കേസിലെ 12.04.2024 തീയതിയിലെ വിധിക്കെതിരെ ബഹു.തൃശൂർ ജില്ലാ കോടതിയിൽ ബോധിപ്പിച്ചിട്ടുള്ള AS144/2025 നമ്പർ അപ്പീലിൽ യാതൊരു സ്റ്റേ ഉത്തരവും നിലവിലില്ലാത്തതാണ്. ആയതിനാൽ AS144/2025 അപ്പീലിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ OS1254/2004, EP 1270/2013 നമ്പർ വിധി നടത്തും ഹർജിയിലെ തുടർനടപടികൾ സ്റ്റേ ചെയ്ത ഉത്തരവുണ്ടാകുന്നതിനായി ബഹു.കേരള ഹൈക്കോടതി മുമ്പാകെ അടിയന്തിരമായി ഹർജി ബോധിപ്പിച്ചു ഉത്തരവ് സമ്പാദിക്കേണ്ടതും അല്ലാത്തപക്ഷം OS 1254/2004 നമ്പർ കേസിലെ,EP 1270/2013 നമ്പർ വിധി നടത്തു ഹർജിയിൽ ആവശ്യപ്പെട്ട നിവൃത്തി അനുവദിക്കുന്നതാണ് എന്നും കാണിച്ചു കൊണ്ട് അഡ്വക്കേറ്റിന്റെ കത്ത് ലഭ്യമായിട്ടുണ്ട്. ആയതിനെ തുടർന്ന് ബഹുഹൈക്കോടതി മുമ്പാകെ ഹർജി സമർപ്പിക്കുന്നതിനായി ബഹു.മേയറുടെ മുൻകൂർ അനുമതി ലഭ്യമായിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ കേസുമായി ബന്ധപ്പെട്ട രേഖകൾ 22.08.2026 ന് തൃശൂർ കോർപ്പറേഷനു വേണ്ടി ബഹു.ഹൈക്കോടതിയിൽ കേസുകൾ കൈകാര്യം ചെയ്യുന്ന അഡ്വക്കേറ്റ്.രഞ്ജിത് സേവ്യർ എന്നവർക്ക് കൈമാറിയിട്ടുള്ളതാണ്. ബഹുഹൈക്കോടതി മുമ്പാകെ ഹർജി സമർപ്പിക്കുന്നതിനുള്ള ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്ന വിഷയവും മേൽ വിവരങ്ങളും ബഹു.കൗൺസിലിന്റെ പരിഗണയ്ക്ക്.

56. **വിഷയം (ഫയൽ നമ്പർ - 883024-2024)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - ആരോഗ്യ വിഭാഗം- PH 2 കണ്ടിജന്റ് വിഭാഗത്തിൽ നിയമിച്ചിട്ടുള്ള സബ്സ്റ്റിറ്റ്യൂട്ട് ജീവനക്കാർ ആറുമാസത്തെ കാലാവധി പൂർത്തീകരിച്ചിട്ടുള്ളതിനാൽ ടി ജീവനക്കാരെ സാനിറ്റേഷൻ ജീവനക്കാരുടെ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് അംഗീകാരം ലഭിക്കുന്നത് - സംബന്ധിച്ച്

**വിവരണം**

1. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ 06/11/2025 തിയതിയിലെ അടിയന്തിര കൗൺസിലിലെ 26/1 നമ്പർ തീരുമാനം

2. തൃശ്ശൂർ കോർപ്പറേഷൻ അഡിഷണൽ സെക്രട്ടറിയുടെ 20/12/2025 തിയതിയിലെ 883024/2024 നമ്പർ ഉത്തരവ്

തൃശ്ശൂർ കോർപ്പറേഷൻ ആരോഗ്യ വിഭാഗം കണ്ടിജന്റ് വിഭാഗത്തിൽ നിലവിലുണ്ടായിരുന്ന സാനിറ്റേഷൻ ജീവനക്കാരുടെ ( SUBSTITUTE) ഒഴിവിലേക്ക് താഴെ പറയുന്ന ജീവനക്കാർക്ക് (1), (2) എന്നിവ പ്രകാരം നിയമനം നൽകിയിട്ടുള്ളതാണ്. ടി ജീവനക്കാർ സബ്സ്റ്റിറ്റ്യൂട്ട് സാനിറ്റേഷൻ ജീവനക്കാരായി ആറുമാസത്തെ കാലാവധി പൂർത്തീകരിച്ചിട്ടുള്ളതിനാൽ ടിയാളുകളെ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്ന വിഷയം ബഹു.കൌൺസിലിന്റെ പരിഗണനക്കായി സമർപ്പിക്കുന്നു

| **ക്രമ നമ്പർ** | **ജീവനക്കാരുടെ പേര്, വിലാസം** | **വിഭാഗം** | **ജോലിയിൽ പ്രവേശിച്ച തിയതി** | **ആറുമാസത്തെ കാലാവധി പൂർത്തീകരിച്ചത്** |
|---|---|---|---|---|
| | **എംപ്ലോയ്മെന്റ് ലിസ്റ്റ്** | | | |
| 1 | സെബാസ്റ്റ്യൻ കെ ജെ , കീട്ടികൈ വീട് ,മാടകത്തറ | ഓപ്പൺ | 23/12/2025 | 23/06/2026 |
| 2 | ഷഫീക്ക് അലി കെ എ , കടമ്പോട്ട് വീട്, വടൂക്കര പി ഒ | മുസ്ലീം | 23/12/2025 | 23/06/2026 |
| | **ഡി എൽ ആർ ലിസ്റ്റ്** | | | |
| 4 | അനിത പി വി പട്ടത്തിൽ വീട് , പൂങ്കുന്നം | എസ് സി | 23/12/2025 | 23/06/2026 |
| 5 | സിജി എ ഡി , കുഞ്ഞമാറ വീട്, ഒല്ലൂക്കര | ഓപ്പൺ | 24/12/2025 | 24/06/2026 |
| 6 | ദേവദാസ് കെ കെ , കീഴുവാക്കൽ വീട് | ഒ ബി സി | 23/12/2025 | 30/04/2026 ന് വിരമിച്ചു |

57. **വിഷയം (ഫയൽ നമ്പർ - 6680859-2026)**

തൃശ്ശൂർ കോർപ്പറേഷൻ - 5 MLD ഡീസെൻട്രലൈസ്ഡ് സീവറേജ് സ്കീം (STP at Kokkala) പദ്ധതിയുടെ EOI ഇ-ടെൻഡർ പരസ്യം 'ദി ഹിന്ദു' ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച വകയിൽ - ബിൽ തുകയായ ₹1,41,194/- അനുവദിക്കുന്നത് - സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ "5 MLD Decentralized Sewerage Scheme (STP at Kokkala with Septage Co-treatment & Associated Network including house connections)" പദ്ധതിയുടെ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EOI) പരസ്യം 16.07.2026 തിയതിയിലെ റിലീസ് ഓർഡർ (RO No: PW2-277830/25) പ്രകാരം 17.07.2026 തിയതിയിലെ 'ദി ഹിന്ദു' ദിനപത്രത്തിന്റെ എല്ലാ എഡിഷനുകളിലും (E-Tender ID: 2026_LSGD_860624_1) പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത പരസ്യം പ്രസിദ്ധീകരിച്ച വകയിൽ THG Publishing Private Limited സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് നമ്പർ: TN1261019513 തീയതി - 17.07.2026 പ്രകാരമുള്ള ബിൽ തുകയായ ₹1,41,194/- (ഒരു ലക്ഷത്തി നാൽപ്പത്തൊന്നായിരത്തി നൂറ്റി തൊണ്ണൂറ്റിനാല് രൂപ മാത്രം) അനുവദിക്കുന്ന വിഷയം ബഹു.കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

58. **വിഷയം (ഫയൽ നമ്പർ - 983362-2026)**

ഇ 2(1) 9372/04 വൈദ്യുതി വിഭാഗത്തിലേക്ക് മീറ്റർ റീഡർ സേവനം ലഭ്യമാക്കുന്നതിലേക്കായി കരാർ അടിസ്ഥാനത്തിൽ സേവന ദാതാവിനെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിലേക്ക് 8 സ്പോട്ട് ബിൽ മീറ്റർ റീഡർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിയ്ക്കുന്നതിനായി ബഹു. കൌൺസിലിന്റെ അനുമതിയോടെ ക്ഷണിച്ച താൽപര്യപത്രത്തിൽ ഒരു റീഡിംഗിന് ഏറ്റവും കുറവ് നിരക്കുകൾ രേഖപ്പെടുത്തിയിട്ടുള്ളത് ശ്രീമതി സിജി ജോസ് ആണ്. ടിയാൾ സമർപ്പിച്ച നിരക്കുകളും താൽപര്യപത്രവും അംഗീകരിച്ച് അനുവദിയ്ക്കുന്ന വിഷയവും പുതിയ കരാർ നിലവിൽ വരുന്നതു വരെ ബഹു മേയറുടെ മുൻകൂർ അനുമതിയോടെ നിലവിലെ കരാർ ദീർഘിപ്പിച്ചു നൽകിയ ഓഫീസ് നടപടി സാധൂകരിയ്ക്കുന്ന വിഷയവും ബഹു.മരാമത്തുകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുൻപാകെ സമർപ്പിയ്ക്കുന്നു.

കുറിപ്പ് :

1. താൽപര്യപത്രത്തിൽ മൂന്ന് ക്രേതാക്കൾ പങ്കെടുത്തിരുന്നു.

1. Smt Siji Jose
   - NORMAL CONNECTIONS (1 READING ) - 6.85/- (INCL GST)
   - SOLAR CONNECTIONS (1READING) - 20.41/- (INCL GST)
   - TOD BIMONTHLY CONNECTIONS ( 1 READING) - 8.74/- (INCL GST)
2. Sri Shimjithlal P M
   - NORMAL CONNECTIONS (1 READING ) - 7.08/- (INCL GST)
   - SOLAR CONNECTIONS (1 READING) - 22.43/- (INCL GST)
   - TOD BIMONTHLY CONNECTIONS ( 1 READING) - 9.58/- (INCL GST)
3. Sri Finto Joseph

- NORMAL CONNECTIONS (1 READING) - 8.08/- (INCL GST)
- SOLAR CONNECTIONS (1 READING) - 23.43/- (INCL GST)
- TOD BIMONTHLY CONNECTIONS ( 1 READING) -10.58/- (INCL GST)

2. ബഹു കൌൺസിലിന്റെ 24.06.2026 ലെ 86 ാം നമ്പർ തീരുമാനപ്രകാരമാണ് താൽപര്യപത്രം ക്ഷണിച്ചിട്ടുള്ളത്.
3. ഇതിലേക്കായി പ്രതിവർഷം ഇരുപത് ലക്ഷം രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത് .
4. തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിൽ 2001 മുതൽ ആരംഭിച്ചിട്ടുള്ള സ്പോട്ട് ബിൽ സംവിധാനം നടപ്പാക്കുന്നതിനായി 8 സ്പോട്ട് ബിൽ റീഡർമാരുടെ തസ്തിക ആവശ്യപ്പെട്ട് ബഹു സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചുവെങ്കിലും നാളിതുവരെയും ആയത് അനുവദിച്ചിട്ടില്ലാത്തതാണ്. ടി തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഉദ്യോഗാർത്ഥികളെ ലഭ്യമല്ലാത്ത സാഹചര്യത്തിൽ കരാറുകാരൻ മുഖേനയാണ് പ്രസ്തുത പ്രവൃത്തി വൈദ്യുതി വിഭാഗം നിർവ്വഹിച്ചു വരുന്നത്

59. **വിഷയം (ഫയൽ നമ്പർ - 1324289-2026)**

E2(2)2279/02 പരിഷ്കരിച്ച സർക്കാർ ഉത്തരവ് പ്രകാരം വൈദ്യുതി വിഭാഗത്തിലെ ദിവസ വേതന ജീവനക്കാരുടെ വേതനം വർദ്ധനവ് അനുവദിക്കുന്നത് സംബന്ധിച്ച്

**വിവരണം**

ബഹു സർക്കാരിന്റെ 18.02.2026 തിയ്യതിയിലെ സ.ഉ.(അച്ചടി)നം.24/2026/ധന നമ്പർ ഉത്തരവ് പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ വേതനം താഴെ പറയും പ്രകാരം 1.4.2026 തിയതി മുതൽ വർദ്ധിപ്പിച്ചിട്ടുള്ളതാണ്. ആയത് വൈദ്യുതി വിഭാഗത്തിലും നടപ്പിലാക്കുന്ന വിഷയം ബഹു കൗൺസിലിന്റെ പരിഗണനക്കായി.

തസ്തിക പ്രതിദിന വേതനം
1.ഓഫീസിൽ അറ്റെൻഡൻറ് 750
2.ഇലക്ട്രിസിറ്റി വർക്കർ 750
3.ജൂനിയർ അസിസ്റ്റന്റ് /കാഷ്യർ 840
4.സെക്യൂരിറ്റി ഗാർഡ്സ് 840
5.ഡ്രൈവർ 810

കുറിപ്പ് : 1) മേൽ പരാമർശിത സർക്കാർ ഉത്തരവ് പ്രകാരമാണ് സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ ദിവസ വേതന അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് വേതനം പരിഷ്കരിച്ച് അനുവദിച്ചു പോരുന്നത്.

2) PWSC യുടെ 18.7.2026 തിയ്യതിയിലെ തീരുമാനം നമ്പർ 36 പ്രകാരം മേൽവിഷയം കൗൺസിലിലേക് ശുപാർശ ചെയ്തിട്ടുണ്ട്.

60. **വിഷയം (ഫയൽ നമ്പർ - 2427798-2026)**

TCED RDSS-2405/26 കെ എസ് ഇ ബി യിൽ നിന്നും വിരമിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിനെ (സിവിൽ) തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിന്റെ ആർ ഡി എസ്എസ് പ്രൊജക്റ്റ് ഓഫീസിൽ അസിസ്റ്റന്റ് എഞ്ചിനീയർ ( സിവിൽ) ആയി സ.ഉ.(അച്ചടി) നം 54/2025 ധനകാര്യവകുപ്പ് തീയതി 19/04/2025 പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിച്ചത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിന്റെ കേന്ദ്രാവിഷ്കൃതപദ്ധതി ആയ RDSS പദ്ധതികളുടെ പ്രവർത്തി പുരോഗമിച്ചു വരികയാണ്. ലാലൂർ 110 കെ വി സബ് സ്റ്റേഷൻ, സ്മാർട്ട് മീറ്ററിംഗ്. LT ABC , HT UG CABLE, ERP & BILLING SOFTWARE, SCADA തുടങ്ങിയ വിവിധ പാക്കേജുകളിലായിട്ടുള്ള പദ്ധതികൾ 2028 മാർച്ച് 31 നകം പൂർത്തീകരിയ്ക്കണം എന്നതാണ് കേന്ദ്രസർക്കാരിൽ നിന്നുള്ള നിർദ്ദേശം. എന്നാൽ 110 കെ വി സബ് സ്റ്റേഷന്റെ നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സിവിൽ വർക്കുകൾ, ഡോക്യുമെന്റേഷൻ, മെഷർമെന്റ് , മേൽനോട്ടം എന്നിവ നടത്തുന്നതിനു അനുഭവസമ്പത്തുള്ള ഒരു സിവിൽ എഞ്ചിനീയറുടെ സേവനം അനിവാര്യമാണ്. എന്നാൽ വൈദ്യുതിവഭാഗത്തിൽ സിവിൽ എഞ്ചിനീയർ ഇല്ലാത്ത സാഹചര്യത്തിൽ സബ് സ്റ്റേഷൻ നിർമ്മാണപ്രവൃത്തികൾ നിർത്തി വെയ്ക്കേണ്ടി വരുമെന്ന സാഹചര്യം ബഹു മേയറുടെ ശ്രദ്ധയിൽപ്പെടുത്തുകയും ആർ ഡി എസ് എസ് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാൽ കരാർ അടിസ്ഥാനത്തിൽ സിവിൽ എഞ്ചിനീയർ നിയമനം നടത്തുന്നതിന് ബഹു മേയർ മുൻകൂർ അനുമതി നൽകിയിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കെ എസ് ഇ ബി യിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നിന്നും വിരമിച്ച ശ്രീ സുരേഷ് കുമാർ പി യെ ആർ ഡി എസ് എസ് പദ്ധതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ ( സിവിൽ) ആയി 17/08/2026 മുതൽ സ.ഉ.(അച്ചടി) നം 54/2025 ധനകാര്യവകുപ്പ് തീയതി 19/04/2025 സർക്കാർ ഉത്തരവ് പ്രകാരം ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിച്ച ഓഫീസ് നടപടി സാധൂകരണത്തിനായി ബഹു. കൌൺസിൽ മുൻപാകെ.

**സെക്രട്ടറിയുടെ കുറിപ്പ്**

പദ്ധതി നടത്തിപ്പ് ആവശ്യത്തിലേക്കായി സിവിൽ എഞ്ചിനീയറുടെ സേവനം അനുപേക്ഷണീയമാണ്.

61. **വിഷയം (ഫയൽ നമ്പർ - 2427798-2026)**

ടി സി ഇ ഡി -ആർ ഡി എസ്സ് എസ്സ് -3955/24- 33 കെ വി സബ് സ്റ്റേഷനിൽ 8 മെഗ വോൾട്ട് ആംപീയർ (MVA) ട്രാൻസ്ഫോർമർ സ്ഥാപിച്ച് ശേഷി വർദ്ധിപ്പിക്കുന്ന (Augumentation)പ്രവൃത്തിയുടെ അധികരിച്ച അടങ്കൽ ദർഘാസ് പരിഗണിച്ച് അനുവദിയ്ക്കുന്നതിലേക്കായി ശുപാർശ ചെയ്യുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിന്റെ ആർ ഡി എസ് എസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 33 കെവി സബ് സ്റ്റേഷൻ AUGMENTATION പദ്ധതിയുടെ അംഗീകരിച്ച DPR നിരക്ക് 2.80 കോടി രൂപയാണ്. ഈ പ്രവൃത്തിയ്ക്ക് ടെണ്ടർ ക്ഷണിച്ചെങ്കിലും എസ്റ്റിമേറ്റ് നിരക്ക് 2018 ലെ കോസ്റ്റ് ഡാറ്റാ പ്രകാരം കുറവായതിനാൽ ടെണ്ടറിൽ ആരും തന്നെ പങ്കെടുക്കുകയുണ്ടായില്ല. തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 3,73,00,000/-(INCL GST) രൂപ നിരക്കിൽ 02/11/2024 തീയതിയിൽ ക്ഷണിച്ച ടെണ്ടറിലും ആരും തന്നെ പങ്കെടുക്കാത്തതിനാൽ 06/01/2025 തീയതിയിൽ RE-ETENDER ക്ഷണിച്ചിരുന്നു. RE-ETENDER ൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധിക തുകയാണ് ക്രേതാക്കൾ സമർപ്പിച്ചിരുന്നത്. തുടർന്ന് ബഹു PWSC യുടെ 20/05/2025 തീയതിയിലെ 1 ാം നമ്പർ തീരുമാനപ്രകാരം 16/06/2025 തീയതിയിൽ പുനർ ദർഘാസ് ക്ഷണിച്ചിരുന്നു. ആയതിൽ M/S GENISYS ENGINEERS & CONTRACTORS എന്ന ഒരു ക്രേതാവ് മാത്രമാണ്

പങ്കെടുത്തിട്ടുള്ളത്. ടി സ്ഥാപനം രേഖപ്പെടുത്തിയ 5,22,11,688.9/- (INCL GST) രൂപ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികമായതിനാൽ നെഗോസിയേഷൻ നടത്തുകയും തുടർന്ന് 4,10,00,000/- (INCL GST) രൂപയ്ക്ക് (പരിഷ്കരിച്ച അടങ്കലിനേക്കാൾ 9.99% കൂടുതൽ) പ്രവൃത്തി പൂർത്തിയാക്കാമെന്ന് രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്. ബഹു PWSC യുടെ 05/11/2025 തീയതിയിലെ 15 ാം നമ്പർ തീരുമാനപ്രകാരം TENDER EXCESS അനുവദിച്ച് തുടർ നടപടികൾ സ്വീകരിയ്ക്കു ന്നതിനായി 10/11/2025 ൽ ബഹു കൌൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്. എന്നാൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ നിലവിൽ വരികയും ആകയാൽ യോഗങ്ങൾ നടക്കാത്ത പശ്ചാത്തലത്തിൽ തുടർ നടപടികൾ താത്ക്കാലികമായി നിർത്തിവയ്ക്കേണ്ട സാഹചര്യം സംജാതമാകുകയും ചെയ്തു. തുടർന്ന് പ്രസ്തുത പദ്ധതിയുടെ പ്രാധാന്യവും അതോടൊപ്പം പദ്ധതി തുക നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതും പരിഗണിച്ച് വിശദമായ ശുപാർശയോടെ 04/02/2026 ന് ബഹു. മേയർ മുൻകൂർ അനുമതി നൽകുകയും നല്കിയെങ്കിലും ഈ കാലയളവിൽ വിഭാവിത പദ്ധതിയിലെ സാമഗ്രികളുടെ അനുബന്ധ സാമഗ്രികളുടെ വ്യാപാരമേഖലയിലെ വിലയിലുണ്ടായ വർദ്ധനവ് അനുവദിയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് M/S GENISYS ENGINEERS & CONTRACTORS കത്ത് ലഭ്യമാക്കുമായുമുണ്ടായി. എന്നാൽ ആയത് വൈദ്യുതി വിഭാഗം നിരസിക്കുകയും തുടർന്ന് VOLTECH MAKE 8 MVA ട്രാൻസഫോർമറിന് അംഗീകാരം ലഭിയ്ക്കുന്ന പക്ഷം AUGMENTATION പ്രവൃത്തി 4,10,00,000/- (INCL GST) രൂപയ്ക്ക് നടത്താമെന്ന് പ്രസ്തുത സ്ഥാപനം അറിയിച്ചു. 14/08/2026 ന് ചേർന്ന ADVISORY COMMITTEE യോഗം ആയത് വിശദമായി വിലയിരുത്തുകയും VOLTECH MAKE 8 MVA TRANSFORMER TENDER DOCUMENTS എന്നിവ വിശകലനം ചെയ്യുകയും തുടർന്ന് FACTORY VISIT , PERFORMANCE REPORT , VENDOR DOCUMENTS എന്നിവ നടത്തുകയും ടി . ട്രാൻസ്ഫോർമർ അനുയോജ്യവും സമാനമായ ഗുണനിലവാരമുള്ളതുമാണെന്ന് അംഗീകരിയ്ക്കുകയുണ്ടായി. ആയതിനെ ഉപോത്ബലകമാക്കി ബഹു മേയറുടെ മുൻകൂർ അനുമതിയോടെ M/S GENISYS ENGINEERS & CONTRACTORS ന് ടി സാമഗ്രി വാങ്ങുന്നതിലേക്കായി INTIMATION OF AWARD നൽകിയ ഓഫീസ് അറിയിപ്പ് നല്കിയ സാധൂകരിയ്ക്കുന്നതിനും പ്രവർത്തി നിർവഹണ ഉത്തരവ് നൽകുന്ന തിനുള്ള അനുമതിയ്ക്കുമായി ബഹു കൌൺസിൽ മുൻപാകെ.

കുറിപ്പ് :

1. മേൽ പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് 15/10/2024 ലെ ബഹു കൌൺസിലിന്റെ 39ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളതും ആയത് 04/11/2024 ലെ ബഹു ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ DISTRIBUTION REFORMS COMMITTEE (DRC) യുടെ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്.
2. പ്രവർത്തി വേഗത്തിൽ പൂർത്തിയാക്കാൻ സാധിയ്ക്കുന്നതും, ഇതുവഴി **മൂന്ന്** 11KV ഫീഡറുകൾ ലഭ്യമാക്കാൻ സാധിയ്ക്കുന്നതുമാണ്. ഇടതടവില്ലാതെ വൈദ്യുതി നൽകുന്നതിനും, പുതിയ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനും ഈ പദ്ധതി വഴി സാധിയ്ക്കുന്നതാണ്.
3. 8 MVA ട്രാൻസ്ഫോർമർ അടക്കമുള്ള സാധനസാമഗ്രികളുടെ വിലയിൽ വലിയ വർദ്ധനവ് വന്നിട്ടുള്ള സാഹചര്യത്തിൽ ഇനിയും ടെണ്ടർ ക്ഷണിച്ചാലും കുറഞ്ഞ നിരക്ക് ലഭ്യമാകുവാൻ സാധ്യതയില്ലാത്തതാണ്.

62. **വിഷയം (ഫയൽ നമ്പർ - 1372252-2026)**

ഇ 3-3527/25 സീനിയർ സൂപ്രണ്ട് തസ്തികയിൽ വിരമിച്ച പരേതയായ സതീദേവികെ എസ്സ് എന്നയാളുടെ പെൻഷൻ കുടിശ്ശിക മകനും അനന്തരാവകാശിയും ശ്രീ.ദിലീപ് സി.എം നു

അനുവദിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 29/09/2025 ലെ LSGD/PD/26686/2025-PEN A4 നമ്പർ ഉത്തരവ് പ്രകാരം വൈദ്യുതി വിഭാഗത്തിൽ നിന്നും 31/05/2015 ൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ വിരമിച്ച ശ്രീമതി സതീദേവിക്ക് പുതുക്കിയ പെൻഷനും, കമ്മ്യൂട്ടേഷനും അനുവദിച്ചു ഉത്തരവായിട്ടുണ്ട് .ആയതുപ്രകാരം പെൻഷൻ കുടിശ്ശിക ഇനത്തിൽ 13,36,843/-രൂപ അനുവദിക്കേണ്ടതാണ്. എന്നാൽ 07/11/2025 ൽ ടിയാൾ മരണപ്പെട്ടതിനാൽ തുക അനുവദിച്ചു ലഭിക്കുന്നതിലേക്കായി മകനായ ശ്രീ.ദിലീപ്.സി.എം അപേക്ഷ സമർപ്പിച്ചിട്ടുണ്ട് .മേൽ പരാമർശിത ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ട തുക അനന്തരവകാശിയായ ശ്രീ . ദിലീപ് സി.എം നു അനുവദിക്കുന്നതിലേക്ക് ബഹു. കൗൺസിൽ അനുമതിക്കായി .

കുറിപ്പ് : ടി ആവശ്യത്തിലേക്ക് സതീദേവിയുടെ മകനായ ദിലീപ്.സി.എം അനന്തരാവകാശ സർട്ടിഫിക്കറ്റും ,ഡെത്ത് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട് .

63. **വിഷയം (ഫയൽ നമ്പർ - 983362-2026)**

ഇ 2(1) 3071/13 ഷിഫ്റ്റ് ഓപ്പറേറ്റർ /അസിസ്റ്റൻറ് /സബ് എഞ്ചിനീയർ ഏന്നിവരെ ലഭ്യമാക്കുന്നതിലേക്കായുള്ള കരാർ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിലേക്കായുള്ള ദർഘാസ് അംഗീകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗം സെക്ഷൻ ഓഫീസുകൾ,പ്രൊജക്റ്റ് ഓഫീസ്, 110 KV/33KV സബ് സ്റ്റേഷൻ എന്നിവിടങ്ങളിലായി സബ് എഞ്ചിനീയർ,ഷിഫ്റ്റ് ഓപ്പറേറ്റർ / ഷിഫ്റ്റ് അസിസ്റ്റന്റ് എന്നീ തസ്തികകളിലെ ഒഴിവുകളിലേക്ക് താൽക്കാലികജീവനക്കാരെ ലഭ്യമാക്കുന്നതിനായി ബഹു. മേയറുടെ മുൻകൂർ അനുമതിയോടെ ക്ഷണിച്ച ദർഘാസിൽ ഏറ്റവും കുറവ് നിരക്കുകൾ രേഖപ്പെടുത്തിയിട്ടുള്ള "എം/എസ്സ് പവർ പൾസ് ഇന്നൊവേഷൻസ്" എന്ന സ്ഥാപനത്തിന്റെ നിരക്ക് ദർഘാസ് എന്നിവ അംഗീകരിക്കുന്നതിലേക്കും ബഹു. മേയറുടെ മുൻകൂർ അനുമതിയോടെ ദർഘാസ് ക്ഷണിച്ച ഓഫീസ് നടപടി സാധൂകരിയ്ക്കുന്നതിലേക്കും ബഹു കൌൺസിൽ മുൻപാകെ സമർപ്പിയ്ക്കുന്നു.

കുറിപ്പ് :

1. **ദർഘാസ് സംബന്ധിച്ച വിശദാംശങ്ങൾ**

   ദർഘാസിൽ 3 ക്രേതാക്കൾ പങ്കെടുത്തിരുന്നു.

   **A. M/S POWER PULSE INNOVATIONS**

   | | | |
   |---|---|---|
   | 110 KV SHIFT OPERATOR | 3 NOS | 1200+ GST PER DAY |
   | 110 KV SHIFT ASSISTANT | 4 NOS | 950+ GST PER DAY |
   | MAINTENANCE ENGINEERS | 2 NOS | 950+ GST PER DAY |
   | 33 KV SHIFT OPERATOR | 4 NOS | 950+ GST PER DAY |
   | 33 KV SHIFT ASSISTANT | 4 NOS | 750+ GST PER DAY |
   | SUB ENGINEERS | 9 NOS | 950+ GST PER DAY |

   **B. M/S INSTALLINE TECHNOLOGIES PVT LTD.**

   | | | |
   |---|---|---|
   | 110 KV SHIFT OPERATOR | 4 NOS | 1203+ GST PER DAY |

| | | |
|---|---|---|
| 110 KV SHIFT ASSISTANT | 4 NOS | 953+ GST PER DAY |
| MAINTENANCE ENGINEERS | 2 NOS | 953+ GST PER DAY |
| 33 KV SHIFT OPERATOR | 4 NOS | 953+ GST PER DAY |
| 33 KV SHIFT ASSISTANT | 4 NOS | 754+ GST PER DAY |
| SUB ENGINEERS | 9 NOS | 953+ GST PER DAY |

**C. M/S HZAMPS ELECTRO POWER ENGINEERS**

| | | |
|---|---|---|
| 110 KV SHIFT OPERATOR | 4 NOS | 1205+ GST PER DAY |
| 110 KV SHIFT ASSISTANT | 4 NOS | 955+ GST PER DAY |
| MAINTENANCE ENGINEERS | 2 NOS | 955+ GST PER DAY |
| 33 KV SHIFT OPERATOR | 4 NOS | 955+ GST PER DAY |
| 33 KV SHIFT ASSISTANT | 4 NOS | 755+ GST PER DAY |
| SUB ENGINEERS | 9 NOS | 955+ GST PER DAY |

2. ബഹു മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 18/07/2026 ലെ 21 ാം നമ്പർ തീരുമാനപ്രകാരം M/S POWER PULSE INNOVATTIONS എന്ന സ്ഥാപനത്തിന്റെ നിരക്കും ദർഘാസും അംഗീകരിയ്ക്കുന്നതിനും ബഹു മേയറുടെ മുൻകൂർ അനുമതി സാധൂകരിയ്ക്കുന്നതിനും ബഹു കൌൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്.

64. **വിഷയം (ഫയൽ നമ്പർ - 983362-2026)**

ഇ ഡി 1-704/2026 തൃശ്ശൂർ പൂരം സംബന്ധിച്ച് - ഇൻസുലേറ്ററുകൾ ,മഴക്കോട്ട് , ടോർച്ചുകൾ വാങ്ങിയത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ നഗരസഭ വൈദ്യുതിവിഭാഗത്തിലേക്ക് തൃശ്ശൂർ പൂരം 2026 മായി ബന്ധപ്പെട്ട് അടിയന്തിരമായി ഇൻസുലേറ്ററുകൾ ,മഴക്കോട്ട് , ടോർച്ചുകൾ എന്നിവ വാങ്ങി ലഭ്യമാക്കുന്നതിനായി ബഹു മേയറുടെ മുൻകൂർ അനുമതിയോടെ 2,54,750/- രൂപ അടങ്കൽ തുകയിൽ ദർഘാസ് ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് 2,41,950.2/- രൂപ (ജി എസ്സ് റ്റി ഉൾപ്പെടെ ) രേഖപ്പെടുത്തിയ "മെ .പ്രീമിയർ ബാഗ്സ് & ഗിഫ്റ്റ്സ്" എന്ന സ്ഥാപനത്തിൻറെ ദർഘാസ് നിരക്കും ബഹു.. കൌൺസിലിന്റെ 23/02/2019 ലെ നമ്പർ-80 തീരുമാനപ്രകാരം അംഗീകരിച്ച് അടിയന്തിര സാഹചര്യം പരിഗണിച്ച് "മെ .പ്രീമിയർ ബാഗ്സ് & ഗിഫ്റ്റ്സ്" എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയ നടപടിയും ബഹു മേയറുടെ മുൻകൂർ അനുമതിയോടെ ടി സ്ഥാപനത്തിന് തുക അനുവദിച്ചു നൽകിയ ഓഫീസ് നടപടിയും സാധൂകരിയ്ക്കുന്നതിലേക്കായി കൗൺസിലിലേക്ക് അംഗീകാരത്തിനായി ശുപാർശയോടെ അയക്കുന്ന വിഷയം ബഹു.കൌൺസിലിന്റെ പരിഗണനയ്ക്കായി.

കുറിപ്പ് :

1. ബഹു മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 28/02/2026 ലെ 6 ആം നമ്പർ തീരുമാനപ്രകാരവും ബഹു മേയറുടെ മുൻകൂർ അനുമതിയോടെയുമാണ് വാങ്ങൽ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ബഹു കൌൺസിലിന്റെ 26/05/2026 ലെ യോഗത്തിലെ 108 ആം നമ്പർ തീരുമാനപ്രകാരം ടെണ്ടർ ക്ഷണിയ്ക്കുന്നതിനായി ബഹു. മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരിച്ചിട്ടുള്ളതാണ്.
2. മേൽ സാമഗ്രികൾ വാങ്ങി ലഭ്യമാക്കേണ്ടത് ആവശ്യമാണെന്ന് ഇലക്ട്രിക്കൽ എഞ്ചിനിയർ ശുപാർശ ചെയ്തിട്ടുള്ളതാണ്
3. ദർഘാസിൽ 2 ക്രേതാക്കൾ പങ്കെടുത്തിരുന്നു

1. "മെ .പ്രീമിയർ ബാഗ്സ് & ഗിഫ്റ്റ്സ്" - 2,41,950.2/- (INCL GST)
2. മെ ബി കെ ഗിഫ്റ്റ് ലാൻഡ് തൃശ്ശൂർ- 2,63,128/- (INCL GST)

4. "മെ .പ്രീമിയർ ബാഗ്സ് & ഗിഫ്റ്റ്സ്" സമർപ്പിച്ച സാമ്പിൾ തൃപ്തികരമാണെന്ന് ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.
5. ബഹു കൌൺസിലിന്റെ 23/02/2019 ലെ തീരുമാനം നമ്പർ-80 പ്രകാരം വൈദ്യുതിവിതരണസ്ഥാപനമായ വൈദ്യുതി വിഭാഗത്തിന് അടിയന്തിര പ്രവൃത്തികൾ സമയബന്ധിതമായി നടത്തുന്നതിനായി അസിസ്റ്റന്റ് എൻജിനീയർക്ക് 50000/- രൂപ വരെയും ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് 200000/- രൂപ വരെയും അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് 300000/-രൂപ വരെയും ചെലവ് ചെയ്യുന്നതിന് അനുമതിയുള്ളതാണ്.
6. ബഹു മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 18/07/2026 ലെ 3 ആം നമ്പർ തീരുമാനപ്രകാരം മേൽ വിഷയത്തിൽ സാധൂകരണത്തിനായി ബഹു കൌൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ് .

65. **വിഷയം (ഫയൽ നമ്പർ - 1223553-2026)**

ESS- 3642/26, SUB : 33 കെ വി സബ്സ്റ്റേഷൻ ആവശ്യത്തിലേക്കായി 110V, 30A ബാറ്ററി ചാർജർ വാങ്ങി സ്ഥാപിക്കുന്നതിനായ്

**വിവരണം**

തൃശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിന്റെ ഇക്കണ്ടവാര്യർ റോഡിലെ 33കെ.വി. സബ്സ്റ്റേഷനിൽ ഉപയോഗത്തിലുള്ള ബാറ്ററി ചാർജർ വോൾട്ടേജ് അസ്ഥിരത കാണിക്കുകയും, തൽഫലമായി ഉത്പാദിപ്പിക്കുന്ന 110V DC വോൾട്ടേജിൽ ക്രമാതീതമായ വ്യതിയാനം ഉണ്ടാകുകയും ചെയ്ത സാഹചര്യത്തിൽ, ടി കമ്പനിയുമായി ബന്ധപ്പെട്ടിരുന്നു. എന്നാൽ ഇത്തരം ചാർജറുകൾ കമ്പനി ഇപ്പോൾ നിർമ്മാണം ഇല്ലെന്നും, ഇവയുടെ സർവീസ് സാധ്യമല്ലെന്നുമാണ് അറിയിച്ചത്. വോൾട്ടേജ് അസ്ഥിരതക്കു പുറമെ ബാറ്ററി ചാർജറിലെ കറന്റ് സെറ്റിങ് ഡിവൈസ് കൃത്യമായി പ്രവർത്തിക്കുന്നില്ലെന്നും പരിശോധിച്ചതിൽ അറിയാൻ കഴിഞ്ഞു. ഫീൽഡിലെ ജീവനക്കാരുടെയും, സബ്സ്റ്റേഷനിലെ വിവിധങ്ങളായ ഉപകരണങ്ങളുടെയും സുരക്ഷിതത്വത്തിനും വേണ്ടി ഉപയോഗിക്കുന്ന റിലേകളുടെ പ്രവർത്തനത്തിന് ആവശ്യമായ DC വോൾട്ടേജ് ലഭിക്കാതെ വന്നാൽ, അതു വളരെയധികം അപകടസാധ്യത ഉണ്ടാക്കുന്നതിനാൽ, നിലവിലെ ബാറ്ററി ചാർജർ മാറ്റി പുതിയ 110V, 30A ബാറ്ററി ചാർജർ വാങ്ങി മാറ്റി സ്ഥാപിക്കുന്നതിനായ് തയ്യാറാക്കിയ ₹:330341/- (ജിസ്ടി ഉൾപ്പെടെ) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും, നിയമാനുസൃതം ടെണ്ടർ നടപടികൾ സ്വീകരിച്ച് പുതിയ ബാറ്ററി ചാർജർ വാങ്ങുന്നതിനും, പഴയ ബാറ്ററി ചാർജർ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനുള്ള അനുമതിക്കുമായ്, ബഹു. കൗൺസിൽ മുൻപാകെ

കുറിപ്പ് : ബഹു.പൊതുമരാമ്മത്ത് സ്റ്റാൻഡിങ് കമ്മിറ്റയുടെ 10/8/2026 ലെ യോഗത്തിലെ 15-ാം നമ്പർ തീരുമാനപ്രകാരം ബഹു. കൗൺസിലിലേക്കു ശുപാർശ ചെയ്തിട്ടുള്ളതാണ്.

66. **വിഷയം (ഫയൽ നമ്പർ - 983362-2026)**

ഇ ഡി 1-6/26 തൃശ്ശൂർ പൂരത്തോട് അനുബന്ധിച്ച് 10 POLE PRUNERS വാങ്ങിയത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിലേക്ക് തൃശ്ശൂർ പൂരവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി അടിയന്തിരമായി 10 POLE PRUNERS വാങ്ങുന്നതിലേക്കായി, 23/02/2019 ലെ ബഹു കൌൺസിലിന്റെ 80 ആം നമ്പർ തീരുമാനപ്രകാരം ഇലക്ട്രിക്കൽ എഞ്ചിനീയറുടെ അനുമതിയുടെ അടിസ്ഥാനത്തിൽ 2,00,000/- രൂപ അടങ്കൽ തുകയിൽ ദർഘാസ് ക്ഷണിയ്ക്കുകയും ആയതിൽ ഒരു ദർഘാസ് മാത്രം ലഭിച്ച സാഹചര്യത്തിൽ പുനർദർഘാസ് നടത്തുകയും ഉണ്ടായി. ആയതിൽ ലഭ്യമായ ഏകദർഘാസ് സമർപ്പിച്ചത് M/S KAICO (THE KERALA AGRO INDUSTRIES CORPORATION LTD ) എന്ന GOVT ACCREDITED AGENCY ആണ്. ടി സ്ഥാപനം രേഖപ്പെടുത്തിയ 1,90,000/- രൂപയുടെ ദർഘാസ് നിരക്ക് അടിയന്തിരസാഹചര്യത്തിൽ അംഗീകരിച്ച് സപ്ളൈ ഓർഡർ നൽകിയ ഓഫീസ് നടപടിയും ബഹു. മേയറുടെ മുൻകൂർ അനുമതിയോടെ M/S KAICO യ്ക്ക് തുക നൽകിയ ഓഫീസ് നടപടിയും സാധൂകരിക്കുന്നതിലേക്കായി വിഷയം ബഹു.കൗൺസിൽ മുൻപാകെ സമർപ്പിയ്ക്കുന്നു

1. ബഹു കൌൺസിലിന്റെ 23/02/2019 ലെ 80 ആം നമ്പർ തീരുമാനപ്രകാരം വൈദ്യുതിവിതരണമേഖലയിൽ പ്രവർത്തിയ്ക്കുന്ന TCED യ്ക് അടിയന്തിരപ്രവർത്തികൾ സമയബന്ധിതമായി നടത്തുന്നതിനായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് 2 ലക്ഷം രൂപ വരെ ചെലവ് ചെയ്യുന്നതിന് അനുമതിയുള്ളതാണ്.
2. ബഹു. മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 18/07/2026 തീയതിയിലെ 34ാം നമ്പർ തീരുമാനപ്രകാരം M/S KAICO യ്ക്ക് സപ്ലൈ ഓർഡർ നൽകിയ ഓഫീസ് നടപടിയും ബഹു. മേയറുടെ മുൻകൂർ അനുമതിയോടെ M/S KAICO യ്ക്ക് തുക നൽകിയ ഓഫീസ് നടപടിയും സാധൂകരിയ്ക്കുന്നതിനായി ബഹു കൌൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.

67. **വിഷയം (ഫയൽ നമ്പർ - 969709-2026)**

കെ എസ്സ് ഇ ആർ സി -1999/17 കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ വൈദ്യുതിയുടെ വ്യാപാരനുമതി ലഭിക്കുന്നതിലേക്കായി ലൈസൻസ് ഫീ ഒടുക്കി വരുത്തിയ നടപടിയുടെ സാധൂകരണം സംബന്ധിച്ച്

**വിവരണം**

KSERC (Conditions of license for existing distribution licensees) regulations, 2006 & amendments upto 2022- subregulation 14 പ്രകാരം മുൻവർഷത്തെ provisional revenue from sale of power നെ ആധാരമാക്കി ഏപ്രിൽ 30 നു മുൻപായിലൈസൻസ് ഫീസ് ഇനത്തിൽ തുക കെ എസ്സ് ഇ ആർ സി യിലേക്ക് അടവാക്കേണ്ടതുണ്ട്.2025-26 വർഷത്തെ "പ്രൊവിഷണൽ റവന്യൂ ഫ്രം സെയിൽ ഓഫ് പവർ" ആയ 163,15,89,163/- രൂപയുടെ 0.03% , 2026-27 വർഷത്തേക്കുള്ള താത്കാലികമായി ഏകദേശം തിട്ടപ്പെടുത്തി ലൈസൻസ് ഫീസ് ആയി 4,89,144/- രൂപയും 2025-26 വർഷത്തെ ലൈസൻസ് ഫീ ഇനത്തിൽ അടവാക്കിയ തുകയുടെ ബാക്കി തുകയായ 1683/- രൂപയും KSERC യിൽ അടവാക്കിയ ഓഫീസ് നടപടി സാധൂകരണത്തിനായി ബഹു കൗൺസിൽ മുൻപാകെ
കുറിപ്പ് : 27.06.2026 ലെ 51 നമ്പർ തീരുമാനം പ്രകാരം വിഷയം സാധൂകര ണത്തിനായി കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്

68. **വിഷയം (ഫയൽ നമ്പർ - 4120977-2026)**

തൃശൂർ കോർപ്പറേഷൻ -റവന്യൂ വിഭാഗം (R13)- നഗരസഭയുടെ ഉടമസ്ഥതയിലുള്ള പാർക്കിംഗ് കേന്ദ്രങ്ങൾ നാഷ്ണൽ ഇലക്ട്രോണിക്ക് ടോൾ കളക്ഷൻ ഫാസ്റ്റ് ടാഗ്

പ്രോഗ്രാമിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് .

**വിവരണം**

തൃശൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള പാർക്കിംഗ് കേന്ദ്രങ്ങൾ national electronic toll collection ഫാസ്റ്റ് ടാഗ് പ്രോഗ്രാമിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 27.06.26 തീരുമാനം കൌൺസിൽ അംഗീകാരത്തിനായി .
കുറിപ്പ് :
1.എൻ.ഇ.ടി.സി ഫാസ്റ്റ് ടാഗ് പദ്ധതിക്ക് കീഴിൽ പാർക്കിംഗ് പ്ലാസകളെ കൂടി ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നാഷ്ണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം പ്രപ്പോസ്ഡ് ലിസ്റ്റിൽ തൃശൂർ മുനിസിപ്പൽ കോർപ്പറേഷനെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ആയതിന്റെ പ്രപ്പോസൽ പരിശോധിച്ച് വ്യക്തമായ അഭിപ്രായം അടിയന്തിരമായി ബഹു.സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ലഭ്യമായ 28.04.2026 തിയതിയിലെ LSGD/JD/TSR/2642/2026-A4 നമ്പർ കത്ത് .
2. ശക്തൻ നഗർ മാർക്കറ്റിനു സമീപമുള്ള പാർക്കിംഗ് സ്ഥലം ,വടക്കേ ബസ് സ്റ്റാന്റിനും സ്വിമ്മിംഗ് പൂളിനും ഇടയിലുള്ള പാർക്കിംഗ് സ്ഥലം ,പട്ടാളം റോഡിന് കിഴക്ക് വശത്തുള്ള പാർക്കിംഗ് സ്ഥലം എന്നിവയാണ് നഗരസഭ ഫീസ് പിരിവിനായി ലേലം ചെയ്തു നൽകിയിട്ടുള്ളത്.
3.. ടി സ്ഥലങ്ങൾ ഫാസ്റ്റ് ടാഗ് പ്രോജക്റ്റിൽ പരിഗണിക്കാവുന്നതല്ലെന്നും, കൂടാതെ സാമ്പത്തിക ബാധ്യതയുമാണെന്നും ഓഫീസ് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

69. **വിഷയം (ഫയൽ നമ്പർ - 1114305-2024)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ-നഗരാസൂത്രണ വിഭാഗം -TATA HITACHI TMX20 - ഹൈഡ്രോളിക് എക്സ്കവേറ്റർ മെഷീനിന്റെ അറ്റകുറ്റപണികൾ നടത്തിയതിന്റെ ബിൽ തുക അംഗീകരിക്കുന്നത് -സംബന്ധിച്ച്.

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - നഗരാസൂത്രണ വിഭാഗം **-TATA HITACHI TMX20 - ഹൈഡ്രോളിക് എക്സ്കവേറ്റർ മെഷീനിന്റെ** അറ്റകുറ്റപ്പണികൾ നടത്തുന്നതിനു **PSN CONSTRUCTION EQUIPMENT PVT. LTD** എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകാരം ലഭിക്കുകയും, **08/08/2025** ലെ ബഹു.കൌൺസിൽ **17/1** തീരുമാനപ്രകാരം **23/09/2025-ലെ 1114305 -** നമ്പർ വർക്ക് ഓർഡർ നൽകിയിട്ടുള്ളതുമാണ്. വർക്ക് പൂർത്തീകരിച്ച് **PSN CONSTRUCTION EQUIPMENT PVT. LTD** എന്ന സ്ഥാപനം **147009/- രൂപയുടെ** ബില്ലുകൾ സമർപ്പിച്ചിട്ടുണ്ട്. ബിൽ അംഗീകരിക്കുന്നതിനു ബഹു .കൌൺസിൽ മുപാകെ സമർപ്പിക്കുന്നു.
**കുറിപ്പ് :**
1)**PSN CONSTRUCTION EQUIPMENT PVT. LTD** എന്ന സ്ഥാപത്തിന്റെ **147009/- രൂപയുടെ ബില്ല് അംഗീകരിക്കാവുന്നതാണ് എന്ന് എഞ്ചിനീയർ ഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.**

70. **വിഷയം (ഫയൽ നമ്പർ - 865764-2024)**

തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ - പൊതുഭരണ വിഭാഗം- അധിക വാഹനങ്ങൾക്കനുസൃതമായി - 2 ഡ്രൈവർമാരെ താൽക്കാലികമായി ദിവസവേതന

നിരക്കിൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ചതിന്റെ സേവന കാലാവധി ദീർഘിപ്പിച്ചത് സംബന്ധിച്ച്.

**വിവരണം**

തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ കൌൺസിലിന്റെ 06-06-2026 തിയ്യതിയിലെ 44-ാം നമ്പർ തീരുമാനപ്രകാരം ദിവസവേതന നിരക്കിൽ താൽക്കാലിക ഡ്രൈവർമാരായി ജോലി ചെയ്തു വന്നിരുന്ന ശ്രീ.ബൈജു.എം.ആർ എന്നവരുടെ കാലാവധി 14-08-2026 തിയ്യതിയിലും ശ്രീ.ഷാഹിദ് എന്നവരുടെ സേവനകാലാവധി 17-08-2026 തിയ്യതിയിലും അവസാനിച്ചിട്ടുള്ളതാണ്. താൽക്കാലിക ദിവസവേതന നിരക്കിൽ ടി തസ്തികയിലേക്ക് അടുത്ത നിയമനം നടക്കുന്നത് വരെ 2 മാസത്തേക്ക് സേവനകാലാവധി നീട്ടി നൽകുന്നതിന് ബഹു.മേയർ നൽകിയ അനുമതി സാധൂകരിക്കുന്ന വിഷയം ബഹു.കൌൺസിൽ മുമ്പാകെ .

71. **വിഷയം (ഫയൽ നമ്പർ - 7042388-2026)**

സംസ്ഥാനത്തെ എല്ലാ ഹോസ്പിറ്റൽ കിയോസ്ക്കുകളിലും ജനന മരണ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് 50 രൂപ നിരക്കിൽ സർവീസ് ചാർജ് ഈടാക്കുന്നത് സംബന്ധിച്ച്

**വിവരണം**

തദ്ദേശ സ്വയംഭരണ (ഇ ജി )വകുപ്പിന്റെ 07/07/2026 തീയതിയിലെ സ ഉ നം 1269/2026/LSGD നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ ഹോസ്പിറ്റൽ കിയോസ്ക്കുകളിലും ജനന മരണ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് 50 രൂപ നിരക്കിൽ സർവീസ് ചാർജ് ഈടാക്കുന്നതിന് ഉത്തരവായിട്ടുണ്ട് . നിലവിൽ ഇത് 15 രൂപ ആണ്. ഉത്തരവ് ബഹു കൗൺസിലിന്റെ അറിവിലേക്കായി

72. **വിഷയം (ഫയൽ നമ്പർ - 4316862-2026)**

തൃശൂർ കോർപറേഷൻ- കണ്ടീജന്റ് വിഭാഗം- സർവീസിലിരിക്കെ മരണമടഞ്ഞ സാനിറ്റേഷൻ ജീവനക്കാരിയായ ശ്രീമതി. - രാധാമണി.പി.ഡി. എന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശൂർ കോർപറേഷൻ- കണ്ടീജന്റ് വിഭാഗം- ശക്തൻ സർക്കിളിലെ സാനിറ്റേഷൻ ജീവനക്കാരിയായ ശ്രീമതി.രാധാമണി.പി.ഡി. -എന്നവർ 15/09/2025 ന് സർവീസിലിരിക്കെ മരണമടഞ്ഞിട്ടുള്ളതാണ്. ടിയാരിയുടെ ഭർത്താവ് ശ്രീ.സി. കെ. ബാലൻ എന്നവർ മരണശേഷമുള്ള കുടുംബപെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചു നൽകുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. ഹാജരാക്കിയ ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റ് പ്രകാരം മരണപ്പെട്ട ജീവനക്കാരിയുടെ അനന്തരാവകാശികൾ ഭർത്താവായ ശ്രീ. ബാലൻ. സി.കെ.യും മകൻ ശ്രീ.വിബിൻ സി.ബി.എന്നിവരുമാണ്. പെൻഷൻ ആനുകൂല്യങ്ങൾ ടിയാരിയുടെ ഭർത്താവ് ശ്രീ.സി. കെ. ബാലൻ എന്നവർക്ക് നൽകുന്നതിന് സമ്മതമാണെന്ന് മകനായ വിബിൻ.സി.ബി. എന്നവർ രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 06/08/2026 തിയതിയിലെ KSA(TSC) 8-420/2026 നമ്പർ കത്ത് പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളതാണ്.

ഓഡിറ്റ് അംഗീകരിച്ച പെൻഷൻ ആനുകൂല്യങ്ങൾ ശ്രീ.സി. കെ. ബാലൻ എന്നവർക്ക് അനുവദിക്കുന്നതിനുള്ള അനുമതിക്കായി വിഷയം ബഹു. കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

**ഡി.സി.ആർ.ജി. തുക - 542328/-**

**കുടുംബപെൻഷൻ : HR = 19150/-** (16/09/2025 to 15/09/2032) ,

തുടർന്ന് **NR= 11500/-**

73. **വിഷയം (ഫയൽ നമ്പർ - 5549373-2026)**

തൃശ്ശൂർ കോർപ്പറേഷൻ - PWD (Roads)-BC പ്രവൃത്തികളുടെ ബിൽ സെറ്റിൽമെന്റിനായി NRMB-ന് പകരം VG30 ഉപയോഗിക്കുന്നത് സംബന്ധിച്ച്

**വിവരണം**

കേരള പൊതുമരാമത്ത് വകുപ്പ് -ചീഫ് എഞ്ചിനീയറുടെ 18.02.2026 തിയതിയിലെ CEPWD/9889/2021-C4(W)-RD നമ്പർ ഉത്തരവ് പ്രകാരം PWD (Roads)-BC പ്രവൃത്തികളുടെ ബിൽ സെറ്റിൽമെന്റിനായി NRMB-ന് പകരം VG30 ഉപയോഗിക്കുന്നത് സംബന്ധിച്ച് കുറിപ്പ്

| | |
|---|---|
| പ്രവൃത്തിയുടെ പേര് | REVISED ESTIMATE |
| *തൃശ്ശൂർ കോർപ്പറേഷൻ-പനമുക്ക് സെന്റർ മുതൽ സേലം വാർഡ് 43,44 കണിമംഗലം കോൺവെന്റ് റോഡ് അവസാന ഭാഗം ബി എം ബി സി -പ്രോജക്റ്റ് നമ്പർ -380/25, Contractor-JMJ Constructions, AS Amount-2,50,00,000/-,Quoted Amount-21753782/- TS No -10713/2024-25,Dt-13.09.2024* Agreement No 41/EE2/LSGD/2025-26 Dt 3/5/2025 | *തൃശ്ശൂർ കോർപ്പറേഷൻ-പനമുക്ക് സെന്റർ മുതൽ സേലം വാർഡ് 43,44 കണിമംഗലം കോൺവെന്റ് റോഡ് അവസാന ഭാഗം ബി എം ബി സി എന്ന* പ്രവൃത്തിയിൽ നിലവിൽ എസ്റ്റിമേറ്റ് പ്രകാരം NRMB ഉപയോഗിച്ച് ആണ് BC പ്രവൃത്തികൾ ചെയ്യുന്നതിന് എസ്റ്റിമേറ്റ് എടുത്ത് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. എഗ്രിമെന്റ് നടപടികൾക്ക് ശേഷം പ്രവൃത്തി ചെയ്യുന്നതിന് മാർക്കറ്റിൽ NRMB കിട്ടാൻ ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ PWD CHIEF ENGINEER Circular CEPWD/9889/2021-C4(W)RD Dt-18.02.2026 പ്രകാരം CTE യുടെ discussion ന് ശേഷം Rif No:2 അനുസരിച്ച് NRMB Scarcity EE സെർടിഫൈ ചെയ്യുന്നതിന് നിർദേശിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ കാലയളവിൽ NRMB മാർക്കറ്റിൽ കുറവുള്ള സാഹചര്യത്തിൽ മേൽ സൂചിപ്പിച്ചിട്ടുള്ള CIRCULAR പ്രകാരം നടപടികൾ സ്വീകരിക്കുന്നതിനും മേൽ ഉത്തരവ് പ്രകാരം എല്ലാ പദ്ധതികളിലും NRMB ഉപയോഗിച്ചുള്ള BC പ്രവൃത്തികൾ തന്നെ നിർവ്വഹിക്കേണ്ടതാണ്. എന്നാൽ |

| | |
|---|---|
| | ദീർഘ കാലത്തേക്ക് ആവശ്യമായ അളവിൽ NRMB ലഭ്യമല്ലാത്തതിനാൽ ഗുരുതരമായ ക്ഷാമം ഉണ്ടാകുന്ന അസാധാരണ സാഹചര്യങ്ങളിൽ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി VG 30 ഉപയോഗിച്ച് BC പ്രവൃത്തി നിർവഹിക്കവുന്നതാണ്. ഇത്തരം ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ NRMB യും VG 30 യും തമ്മിലുള്ള വില വ്യത്യാസം BC യുടെ TS Approval Data പ്രകാരം കണക്കാക്കി പ്രവൃത്തിയുടെ ബിൽ പാസ്സാക്കുമ്പോൾ ക്രമീകരിക്കേണ്ടതാണ്. ഇത് Extra item ആയി പരിഗണിക്കേണ്ടതില്ല. ആയതിനടിസ്ഥാനത്തിൽ ടി വിഷയം ബഹു കൗൺസിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നു |

74. **വിഷയം (ഫയൽ നമ്പർ - 6852442-2026)**

തൃശ്ശൂർ കോർപ്പറേഷൻ-5 MLD STP (കൊക്കല) EOI പരസ്യം മനോരമ ദിനപത്രത്തിൽ നൽകിയതിന് യെസ്ഗോ മീഡിയയ്ക്ക് ഇൻവോയ്സ് 31629 പ്രകാരം ₹1,40,700/- അനുവദിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷന്റെ 5 MLD Decentralized Sewerage Scheme (STP at Kokkala) പദ്ധതി നടപ്പിലാക്കുന്നതിനായി തയ്യാറാക്കിയ Expression of Interest (EOI) പരസ്യം (E-Tender ID: 2026_LSGD_860624_1)17.07.2026 തീയതിയിലെ മനോരമ ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഫയൽ നമ്പർ PW2-277830/25 പ്രകാരം പ്രസ്തുത പരസ്യം നൽകിയ വകയിൽ യെസ്ഗോ അഡ്വർടൈസിംഗ് മീഡിയ ലിമിറ്റഡ് സമർപ്പിച്ച ഇൻവോയ്സ് നമ്പർ 31629 പ്രകാരമുള്ള തുക ₹1,40,700/- (ഒരു ലക്ഷത്തി നാൽപ്പതിനായിരത്തി എഴുന്നൂറ് രൂപ മാത്രം) അനുവദിക്കുന്ന വിഷയം കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു

കുറിപ്പ് :മനോരമ ദിനപത്രത്തിൽ നൽകിയ പ്രസ്തുത പരസ്യത്തിന് മനോരമ ഏജൻസിക്ക് നൽകിയ ഒറിജിനൽ ഇൻവോയ്സ് പരിശോധിച്ചതിൽ, സർക്കാർ സ്ഥാപനങ്ങൾക്ക് അനുവദിക്കാറുള്ള 15% ഏജൻസി കമ്മീഷൻ (Trade Discount) അല്ലെങ്കിൽ അനുബന്ധ ഇളവുകൾ കിഴിവ് ചെയ്യാതെയുള്ള തുകയാണ് ഏജൻസി കോർപ്പറേഷനിൽ ഇൻവോയ്സ് സമർപ്പിച്ചിട്ടുള്ളത്.

CORPORATION OFFICE THRISSUR

ശരിപകർപ്പ്
സെക്രട്ടറി

കൗൺസിൽ സെക്രട്ടറി
തൃശൂർ കോർപറേഷൻ